(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി14/299/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ-ddlfakkd@yahoo.in

തീയതി:13.03.2020

ജോയിന്റ് ഡയറക്ടർ

ചെയർമാൻ, (സെക്രട്ടറി മുഖേന)

രാമനാട്ടുകര നഗരസഭ, കോഴിക്കോട്

സർ,

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമനാട്ടുകര നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 1, 2 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ കൗൺസിലിന്റെ പ്രത്യേക യോഗം ചേർന്ന് ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം.14, 15 എന്നിവ കാണുക.)

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23 കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം.21(1),(2) എന്നിവ കാണുക.)

വിശ്വസ്തതയോടെ

**ജോയിന്റ് ഡയറക്ടർ**

<u>പകർപ്പ്:</u>

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.

5. കാര്യാലയ പ്രതി.

നം.കെ.എസ്.എ.കെ.കെ.ഡി.പി.14/299/2020 തീയതി:13.03.2020

# കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര നഗരസഭയുടെ 2018 -19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ **രാമനാട്ടുകര നഗരസഭയുടെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 13.09.2018 മുതൽ 15.02.2020 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ സമാപന യോഗത്തിൽ അവതരിപ്പിക്കുകയും പരാമർശങ്ങൾക്ക് ലഭിച്ച മറുപടികൾ പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ അധികാരികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ഗീത.എം, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.02.2020 മുതൽ 27.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ.മനോഹരൻ.എം, ഓഡിറ്റ് ഓഫീസർ (ഹഗ്രേ),<br>2. ശ്രീമതി.ജിഷ സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ<br>3. ശ്രീ. രാംദാസ് എം, സീനിയർ ഗ്രേഡ്ഓഡിറ്റർ<br>4. ശ്രീ. ഡാനിഷ് എ ഇസഡ്, ഓഡിറ്റർ<br>5. ശ്രീ.അഫ്സൽ.ടി.എം, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. വാഴയിൽ രാമകൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.സുരേഷ് കുമാർ.എൻ. | 01.04.2018 മുതൽ 31.03.2019 വരെ |

## (സി) മറ്റു നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ.സുരേഷ് ബാബു.പി.പി<br>01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ദിവ്യ. എ എസ്.<br>01.04.2018 മുതൽ 12.11.2018വരെ |

| | |
|---|---|
| | ശ്രീ.ദിനേഷ് കുമാർ എം<br>01.12.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.മഞ്ജുഷ.എ.<br>01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ശബ്ന.എം.<br>01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബിന്ദു<br>01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അബ്ദുൾ ഖാദർ<br>01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച് .സി) | ഡോ. സുരേഷ്.<br>01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സറീന .എൻ<br>01.04.2018 മുതൽ 01.03.2019വരെ |
| | ഡോ. വിദ്യ<br>02.03.2019 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷെരീഫാ ബീഗം<br>01.04.2018 മുതൽ 31.03.2019വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, ഡയറി | ശ്രീമതി.ശോഭന.എം.<br>01.04.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | ഫണ്ട് വിനിയോഗം | 1-2 |
| 3 | പദ്ധതി അവലോകനം | 1-3 |
| 4 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-4 |
| 5 | ക്യാഷ് പരിശോധന | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-6 |
| 7 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ. | 1-7 |
| 8 | പിരിച്ചെടുത്ത തുക യഥാസമയം മുനിസിപ്പൽ ഫണ്ടിലൊടുക്കിയില്ല – ഗുരുതരമായ കൃത്യവിലോപം | 1-8 |
| 9 | കെട്ടിട നിർമ്മാണ അപേക്ഷകളിൻമേൽ ശരിയായ പരിശോധന നടക്കുന്നില്ല | 1-9 |
| 10 | വസ്തു നികുതി- മുനിസിപ്പാലിറ്റി നിരക്ക് പ്രാബല്യത്തിൽ വന്നില്ല. വൻ നികുതി നഷ്ടം സംഭവിക്കുന്നു | 1-10 |
| 11 | ഹോസ്റ്റൽ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ- | 1-11 |

| | | |
|---|---|---|
| | നികുതി നഷ്ടം സംഭവിക്കുന്നു | |
| 12 | അനധികൃത നിർമാണം- തുടർ നടപടികൾ അനിവാര്യം | 1-12 |
| 13 | രശീത് പിരിവിലെ അപാകതകൾ | 1-13 |
| 14 | വാടകകുടിശ്ശിക ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചില്ല | 1-14 |
| 15 | തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-15 |
| 16 | വിവിധയിടങ്ങളിലെ കുഴൽ കിണർ നിർമ്മാണം - ബാക്കി തുക തിരികെ അടവാക്കിയില്ല | 1-16 |
| 17 | റോഡ് റീഫോർമേഷൻ ചാർജ്ജ് - സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ആവശ്യപ്പെട്ടില്ല- നഗരസഭയ്ക്ക് കോടികളുടെ നഷ്ടം | 1-17 |
| 18 | ഒരേ റോഡിന് ഒരു വർഷത്തിൽ ഒന്നിലധികം പദ്ധതികൾ | 1-18 |
| 19 | അഗതി ആശ്രയപദ്ധതി : ലക്ഷ്യം കൈവരിക്കുന്നതിൽ വീഴ്ച | 1-19 |
| 20 | എം.ആർ.എഫ്. കെട്ടിടം - വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തി | 1-20 |
| 21 | അസി.എഞ്ചിനീയറുടെ പേരിൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ട് - വിശദാംശം ലഭ്യമല്ല | 1-21 |
| 22 | സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടുകളുടെ ഫയലുകളും രജിസ്റ്ററുകളും ഹാജരാക്കിയില്ല. | 1-22 |
| 23 | എസ്.സി.വൃദ്ധജനങ്ങൾക്ക് ഗുണമേന്മയില്ലാത്ത കട്ടിലുകൾ വിതരണം ചെയ്തു | 1-23 |
| 24 | ജീവനക്കാരുടെ എൻ.പി.എസ്.വിഹിതം ഒടുക്കുന്നതിന് നടപടികളായില്ല- തുക തനതു ഫണ്ടിൽ സൂക്ഷിക്കുന്നു | 1-24 |
| 25 | ലാപ്പ്ടോപ്പ് വാങ്ങൽ - TDS ആയി ജി.എസ്.ടി.ഈടാക്കിയില്ല | 1-25 |
| 26 | ലാപ് ടോപ്പ് വിതരണം - സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-26 |
| 27 | ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച | 1-27 |
| 28 | പി.എം.എ.വൈ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-28 |
| 29 | ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിലെ അപാകത | 1-29 |
| 30 | ഹരിത കേരളം മിഷൻ - കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ അവലോകനം | 1-30 |
| 31 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ആവശ്യമായ ഫണ്ട് വകയിരുത്തിയില്ല | 1-31 |

| | | |
|---|---|---|
| | **ഭാഗം - 2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 32 | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | 2-1 |
| | **ഭാഗം - 3**<br>**ചെലവ് - വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം - 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 33 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 34 | സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 35 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 37 | സ്ഥിര നിക്ഷേപം | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 28/03/2018 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും, പരിഷ്കരിച്ച ബജറ്റ് 22.2.19 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിൽ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 285 പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല.

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15നു മുമ്പായി സെക്രട്ടറി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 285] . ആയത് പാലിക്കപ്പെട്ടിട്ടില്ല.

സെക്ഷൻ 287 പ്രകാരം എല്ലാ വർഷവും മാർച്ച് മാസം ആദ്യവാരത്തിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് കൗൺസിലിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി വെയ്ക്കേണ്ടതാണ്. എന്നാൽ 2018-19ലെ കരട് ബജററ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി നഗരസഭ കൗൺസിലിന്റെ പരിഗണനക്ക് സമർപ്പിക്കാൻ തീരുമാനിക്കുന്നതു തന്നെ 22.3.2018 ലെ യോഗ തീരുമാനപ്രകാരമാണ് (തീരുമാനം നം.154). ബജറ്റ് തയ്യാറാക്കുമ്പോൾ നിയമപ്രകാരമുള്ള

നടപടിക്രമങ്ങൾ പാലിക്കുന്നതിൽ കാലതാമസം വരുന്നതായി ഇതിൽ നിന്നും വ്യക്തമാണ്. ബജറ്റ് തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഭാവിയിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം) | 0 | 14096236 | 14096236 | 14096236 | |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 15291000 | 15291000 | 13094368 | 2196632 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 152000 | 152000 | 0 | 152000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 2570000 | 2570000 | 2570000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3266000 | 3266000 | 3266000 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9353253 | 9353253 | 8047000 | 1906253 |

## 1-3 പദ്ധതി അവലോകനം

ഡി.പി.സി. അഗീകാരം ലഭിച്ച 198 പ്രൊജക്റ്റുകളിൽ 139 എണ്ണം ഓഡിററു വർഷം നടപ്പാക്കിയിട്ടുണ്ട്. 40 സ്പിൽ ഓവർ പ്രൊജക്റ്റുകളിൽ 8 എണ്ണം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആകെ പദ്ധതി അടങ്കലായി 96,484,051/-രൂപ വകയിരുത്തിയതിൽ 56,411,680/-രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 13,411,771/- രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷിക പദ്ധതി രൂപീകരിക്കുന്നതിന്റെ അടിസ്ഥനരേഖയായ സ്റ്റാററസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനോ പദ്ധതി മോണിട്ടറിംഗ് നടത്തുന്നതിനോ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. വാർഷിക പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രണ്ടോ മൂന്നോ യോഗങ്ങൾ ചേർന്നതല്ലാതെ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി നിർവ്വഹണ മോണിട്ടറിംഗ് നടത്തിയിട്ടില്ലയെന്നത് പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ്.

ഡി.പി.സി.അംഗീകാരം ലഭിച്ച 112 മരാമത്തു പ്രൊജക്റ്റുകളിൽ 71 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്റ്റുകൾക്ക് ആകെ 38,994,711/- രൂപ വകയിരുത്തിയതിൽ 22,754,399/-രൂപയാണ് 2018-19 വർഷത്തിൽ ചെലവഴിച്ചത്. അതായത് 58 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. മിനുട്ട്സ് ബുക്ക് പരിശോധിച്ചതിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ലെന്നു കാണുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ

പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ടെണ്ടർ നടപടികൾ (ഇ-ടെണ്ടർ) ഒഴിവാക്കാനായി ഒരു പ്രവൃത്തി രണ്ട് വ്യത്യസ്ത പ്രോജക്ടായി വിഭാവനം നടത്തി കാണുന്നു (ഖണ്ഡിക 1-18 കാണുക). റോഡ് റീഫോർമേഷൻ പ്രവൃത്തിക്കായി ജല വിതരണ അതോറിറ്റിയിൽ നിന്നും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിലും കുറഞ്ഞ നിരക്കിൽ തുക ആവശ്യപ്പെട്ടത് നഗരസഭയ്ക്ക് വൻ നഷ്ടമുണ്ടാക്കി (ഖണ്ഡിക 1-17 കാണുക). കുഴൽകിണർ നിർമ്മാണത്തിന് ഭൂജലവകുപ്പിന് നൽകിയ തുകയിൽ ചെലവഴിക്കാതെ ബാക്കിവന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയില്ല (ഖണ്ഡിക 1-16 കാണുക).

ഉൽപാദനമേഖലയിൽ ഒട്ടു മിക്ക പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിൽ, വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിതമിഷൻ വിഭാവനം ചെയ്യുന്ന തരത്തിലുള്ള വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉതകുന്ന കാർഷിക പ്രോജക്ടുകൾ പഞ്ചായത്തിൽ തയ്യാറാക്കിയതായി കാണുന്നില്ല. സാധാരണയായി തയ്യാറാക്കി നടപ്പാക്കി വരുന്ന വിത്ത്/തൈ/വളം സബ്സിഡി വിതരണ പ്രോജക്ടുകൾ അതേ രീതിയിൽ തന്നെ നടപ്പാക്കുകയാണ് ഈ വർഷവും ചെയ്തിട്ടുള്ളത് .

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനായി നടപ്പാക്കിയ പ്രൊജക്ട് പ്രകാരം ഗുണനിലവാരമില്ലാത്ത കട്ടിലുകൾ വിതരണം ചെയ്തു(ഖണ്ഡിക 1-23 കാണുക). പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്ന പദ്ധതിയിൽ മാർഗ്ഗരേഖ പാലിക്കാതെ പദ്ധതി നടപ്പാക്കി (ഖണ്ഡിക 1-26 കാണുക).

പി.എം.എ.വൈ പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് ലക്ഷ്യം കൈവരിക്കുന്നതിൽ കാലതാമസത്തിനിടയാക്കുന്നു(ഖണ്ഡിക 1-28 കാണുക).

അഗതി ആശ്രയ പദ്ധതിക്ക് ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിലും വകയിരുത്തിയ ഫണ്ട് വിനിയോഗിച്ച് സേവനം ലഭ്യമാക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്( ഖണ്ഡിക 1-19 കാണുക).

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പിന് ആവശ്യമായ ഫണ്ട് വകയിരുത്താതെ പ്രൊജക്ട് നടപ്പാക്കിയത് പദ്ധതി രൂപീകരണത്തിലെ അപാകതയാണ് (ഖണ്ടിക 1-31 കാണുക).

## 1-4 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നംപരും തീയതിയും |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05/09/2018 | 04/09/2018 മുതൽ 05/09/2018 വരെ | വിവരം ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02-12-19 മുതൽ 21-12-19 വരെ | 2017-18 മുതൽ 2018-19 വരെ | LBA(HQ)111/11/ 8A-102/2019-20 Dtd 20-01-2020 |

## 1-5 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.02.2020 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 183019/- രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

1. മാന്വൽ രശീതികളും സാംഖ്യ രശീതികളും കൈകാര്യം ചെയ്യുന്നതിൽ ഉത്തരവാദപ്പെട്ടവർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. ക്യാൻസൽ ചെയ്ത രശീതികളിൽ ക്യാൻസൽ ചെയ്യാനുണ്ടായ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. സാംഖ്യ രശീതികളുടെ കാര്യത്തിൽ സെർവ്വർ പ്രവർത്തനക്ഷമമല്ലാത്ത അവസരങ്ങളിൽ ഓഫീസ് കലക്ഷനുകൾ മാന്വലായി സ്വീകരിച്ചത് പിന്നീട് ഇന്ററപ്റ്റഡായി സാംഖ്യയിൽ ചേർത്തിയതായി കാണുന്നില്ല. സാംഖ്യ രസീറ്റ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം സ്റ്റേഷനറി നമ്പർ 520001 മുതൽ 82000 വരെ ക്യാഷ് കൗണ്ടർ ക്ളാർക്കിന് മൊത്തമായി കൈമാറിയതായി കാണുന്നു. രസീറ്റുകൾ ആവശ്യാനുസരണം കൈമാറാതെ ലഭിച്ച എല്ലാ രസീറ്റുകളും രസീറ്റ് ഉപയോഗിക്കുന്ന ജീവനക്കാരന് നൽകിയത് ശരിയായ നടപടിയല്ല. സ്ഥാപനത്തിലെ മേൽനോട്ട സംവിധാനം ഫലപ്രദമല്ലെന്ന് ഇവ വ്യക്തമാക്കുന്നു.

2. നഗരസഭയിലെ പണമിടപാടുകളുടെ കാര്യത്തിൽ അക്കൗണ്ട്സ് ചട്ടങ്ങളിലേയും സർക്കാർ ഉത്തരവുകളിലേയും നിബന്ധനകൾ പാലിക്കപ്പെടുന്നില്ല. 2007ലെ മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പാലിക്കുന്നതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നു. വരവിനത്തിൽ ലഭിച്ച എല്ലാ തുകകളും ട്രഷറി/ബാങ്ക് അക്കൗണ്ടുകളിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിക്ഷേപിക്കേണ്ടതും പണം അക്കൗണ്ടുകളിൽ ഒടുക്കിയെന്ന് അക്കൗണ്ടന്റ് ഉറപ്പാക്കേണ്ടതുമാണ്. ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ബാങ്ക് പാസ് ബുക്കുകളുമായി പൊരുത്തപ്പെടുത്തി അടുത്ത മാസം ഏഴാം തിയതിക്കകം അക്കൗണ്ടന്റ് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ പലപ്പോഴും പാലിക്കപ്പെടാത്തത് ധനാപഹരണത്തിന് കാരണമായിട്ടുണ്ട്.

3. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ടെങ്കിലും മാസാന്ത്യ പത്രികയുടെ പരിശോധനയും നീക്കിയിരിപ്പും സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഫലപ്രദമായി പരിശോധിക്കുന്നില്ല.

4. മേൽനോട്ട സംവിധാനത്തിലെ അഭാവം മൂലം നഗരസഭയിലെ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ചട്ടപ്രകാരമുള്ള നിരക്കിൽ ഒടുക്കുന്നതിലും, എൻ.പി.എസിൽ യഥാസമയം അംഗത്വമെടുക്കുന്നതിലും വീഴ്ച വന്നിട്ടുണ്ട്.

5. നഗരസഭയുടെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല.

6. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ട്രെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു.

7. നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. തൊഴിൽ നികുതി, ഡി.&ഒ. ലൈസൻസ് എന്നീ ഇനങ്ങളിലെ നിലവിലുള്ള തനതു വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് നഗരസഭ ശ്രദ്ധചെലുത്തുന്നില്ല.

8. നഗരസഭ കക്ഷിയായ കേസുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ ചേർക്കാത്തതിനാൽ കേസുകളുടെ സ്വഭാവം, നിലവിലെ അവസ്ഥ, കേസുകളുടെ എണ്ണം, അന്തിമ വിധി എന്നിവയെക്കുറിച്ചുള്ള വിവരങ്ങളൊന്നും ലഭ്യമല്ല എന്നത് കേസുകളുടെ തുടർനടപടികൾ കൃത്യമായി നിരീക്ഷിക്കുന്നതിന് തടസ്സമാകുന്നു.

9. പ്രതിമാസ വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല. ബില്ലുകൾ/ഇൻവോയിസുകൾ, രശീതികൾ, ക്ലെയിമുകൾക്കുള്ള മറ്റ് രേഖകൾ എന്നിവ വൗച്ചറിനൊപ്പം സൂക്ഷിച്ചിരിക്കുന്നത് മിക്ക വൗച്ചറുകളുടെയും കാര്യത്തിൽ ക്യാൻസൽ ചെയ്തിട്ടില്ല. തുക നല്കിയ ചെലവുകൾ വീണ്ടും നല്കാനുള്ള സാധ്യത ഇത് മൂലമുണ്ടാകാം.

10. ഫർണ്ണീച്ചർ ഉൾപ്പെടെയുള്ള ആസ്തികൾക്ക് കോഡ് നമ്പരുകൾ നല്കുകയോ ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുകയോ ചെയ്യുന്നില്ല. കൂടാതെ

വർഷാവർഷമുള്ള സ്ഥാവര ജംഗമ ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

1. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.
2. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.
3. നഗരസഭയിലെ പണമിടപാടുകളുടെ കാര്യത്തിൽ അക്കൗണ്ട്സ് ചട്ടങ്ങളിലേയും സർക്കാർ ഉത്തരവു കളിലേയും നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നു വെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
5. പ്രതിമാസ വരവു ചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.
6. ജീവനക്കാർക്ക് കൃത്യമായ ജോലി വിഭജനം നൽകി ചുമതലകൾ ഏൽപിക്കുന്നതിനും, മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതും, അതാതു മേഖലകളിലുണ്ടായ മാറ്റങ്ങളെ നിരീക്ഷിക്കേണ്ടതുമാണ്.

## 1-7 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

രാമനാട്ടുകര നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രതിമാസം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കൂടാതെ, വിവിധ അക്കൗണ്ടുകളുടെ വർഷാന്ത്യ നീക്കിയിരിപ്പിന്റെ റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയ Cheques Issued but not presented into bank, Directly credited into bank, Cheques deposited but not collected, Directly debited by bank എന്നീ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. 31.03.2019 തീയതിയിലെ റീകൺസിലിയേഷൻ പത്രികയിൽ, ട്രഷറി ടി.എസ്.ബി അക്കൗണ്ട്, ICICI NULM(അക്കൗണ്ട് നം. 74801001258), SBI സാക്ഷരത(അക്കൗണ്ട് നം.35617786540) എന്നീ അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് യഥാർത്ഥത്തിലുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പ്, പാസ്സ് ബുക്കു് നീക്കിയിരിപ്പ് എന്നിവയുമായി പൊരുത്തപ്പെടുത്തി തയ്യാറാക്കിയിട്ടില്ല.

3. മേൽപരാമർശിച്ച അപാകതകൾ കാരണം (ക്രമ നം. (1), (2)) വാർഷിക ധനകാര്യ പത്രികയിലെ RP-40(b), B-17 പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ/പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. ജനറൽ പർപ്പസ് ഗ്രാന്റ് വരവ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 1,24,53,345/- രൂപയും, വാർഷിക കണക്ക് പ്രകാരം 1,24,63,345/- രൂപയുമാണ്. വ്യത്യാസം 10,000/- രൂപ.

5. വരവിനങ്ങളിൽ വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ലേലം, വാടക, കെട്ടിടനിർമ്മാണ ലൈസൻസ് എന്നിവ സംബന്ധിച്ച രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. വസ്തുനികുതി, തൊഴിൽനികുതി, വാടക, കെട്ടിടനിർമ്മാണ പെർമിറ്റ്, ലൈസൻസ് ഫീ തുടങ്ങിയവയുമായി ബന്ധപ്പെട്ട് തയ്യാറാക്കി ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകൾ വാർഷിക കണക്കിലെ ഈ ഇനങ്ങളിലെ തുകകളുമായി(ഡിമാൻഡ്, കളക്ഷൻ, ബാലൻസ്) പൊരുത്തപ്പെടുന്നില്ല.

6. ബാങ്ക് ബുക്ക്, ഡേ ബുക്ക് എന്നിവ പ്രിന്റൗട്ട് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7. ലൈബ്രറി സെസ് സംബന്ധിച്ച രേഖകൾ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിലെ ഈ ഇനങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

8. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്ന ആസ്തി ബാധ്യതകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല(ബി-7, ബി.18 ഷെഡ്യൂളുകൾ)

9. നഗരസഭയിൽ നിന്ന് നൽകിയതും, മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക Liabiliy in respect of stale cheques എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. തൊഴിൽ രഹിത വേതനമിനത്തിൽ തൻവർഷം 44040/-രൂപ ചെലവഴിച്ചതായി വേതന വിതരണ രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ധനകാര്യ പത്രികയിൽ RP6 ഷെഡ്യൂൾ പ്രകാരം ചെലവ് 23880/-രൂപയായാണ് കാണിച്ചിട്ടുള്ളത്.

11. അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിയിൻ കീഴിൽ തൻവർഷ വരവായി പലിശയുൾപ്പെടെ 7075649/-രൂപ വരവു വന്നതായി ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം കാണുന്നു. എന്നാൽ ധനകാര്യ പത്രികയിൽ പലിശയുൾപ്പെടെ 7109036/-രൂപ (Code 311100100 – 7033391/-രൂപ, Code 171100100 – 75645/-രൂപ) വരവു രേഖപ്പെടുത്തിയിട്ടുണ്ട്.

12. തൻവർഷത്തെ ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

13. ഡെപ്പോസിററ് പ്രവൃത്തികൾക്കായി തൻവർഷം കെ.എസ്.ഇ.ബിയ്ക്ക് 117708/- രൂപയും വാട്ടർ അതോറിറ്റിയ്ക്ക് 2371656/- രൂപയും (79656 + 2292000) അനുവദിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ 'Advance to Implementing Agencies' എന്ന ശീർഷകത്തിൽ പ്രസ്തുത ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

14. അസി. എഞ്ചിനീയർ സമർപ്പിച്ച രേഖകൾ പ്രകാരം തൻവർഷം പാർട്ട് ബിൽ ആയി 19,22,456/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ capital work in progress എന്ന ശീർഷകത്തിൽ 66,55,700/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പാർട്ട് ബിൽ ഫൈനൽ ബിൽ ആവുന്ന മുറയ്ക്ക് ആസ്തിയായി ക്രമീകരിക്കാത്തതിനാൽ 4733244/- രൂപയുടെ വ്യത്യാസം കാണുന്നു.
മേൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-8 പിരിച്ചെടുത്ത തുക യഥാസമയം മുനിസിപ്പൽ ഫണ്ടിലൊടുക്കിയില്ല – ഗുരുതരമായ കൃത്യവിലോപം

നഗരസഭയുടെ 2018-19 വർഷത്തെ രശീതു ബുക്കുകളും അനുബന്ധ രേഖകളും ബന്ധപ്പെട്ട ഫയലുകളും പരിശോധിച്ചതിൽ, പിരിച്ചെടുത്ത തുക യഥാസമയം ബാങ്കിൽ അടവാക്കാത്തത് സംബന്ധിച്ച് ചുവടെ ചേർത്ത ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു.

**(എ) <u>ദിവസ വരവ് ബാങ്കിലൊടുക്കാതെ 2.07ലക്ഷം രൂപ അപഹരിച്ചു - മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച</u>**

നഗരസഭ ട്രഷറിയിൽ വിവിധ തീയതികളിൽ വരവായി ലഭിച്ച തുക നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ ഒടുക്കുന്നതിന് ഓഫീസ് അറ്റഡന്റ് ശ്രീ.എസ്.സുബീഷിനെ ഏൽപിച്ചിരുന്നു. ബാങ്കിലേക്ക് ഒടുക്കാനായി ചുവടെ ചേർത്ത തീയതികളിൽ സുബീഷിനെ ഏൽപിച്ച 2,07,899/-രൂപ ബാങ്കിൽ ഒടുക്കാതെ ടിയാൻ തിരിമറി നടത്തിയതായി 2018-19 ലെ അക്കൗണ്ട്സ് റീകൺസിലിയേഷൻ നടത്തിയ വേളയിൽ നഗരസഭ കണ്ടെത്തുകയുണ്ടായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കൗണ്ടറിൽ ക്യാഷ് ലഭിച്ച തീയതി | ബാങ്കിൽ ഒടുക്കുവാൻ നൽകിയ തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 15.11.2018 | 16.11.2018 | 27589 |
| 18.12.2018 | 19.12.2018 | 42348 |
| 10.01.2019 | 11.01.2019 | 20745 |
| 06.02.2019 | 07.02.2019 | 10454 |
| 18.02.2019 | 19.02.2019 | 44239 |
| 23.3.2019 | 25.03.2019 | 62524 |
| | ആകെ | 207899 |

തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഈ തുക ശ്രീ.സുബീഷ് ബാങ്കിൽ ഒടുക്കിയിട്ടില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി 3.4.2019 ന് ടിയാന് കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി. തുടർന്ന് 100000/-രൂപ ടിയാൻ നഗരസഭ ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്.

ബന്ധപ്പെട്ട ഫയൽ (A-4/2743/19) പരിശോധിച്ചതിൽ ടിയാനെതിരെ അച്ചടക്ക നടപടികളുടെ ഭാഗമായി നഗരസഭ സെക്രട്ടറിയുടെ 11.4.2019 തീയതിയിലെ A-4/2743/19 നമ്പർ ഉത്തരവു പ്രകാരം സസ്പെൻഡ് ചെയ്യുകയും, സാമ്പത്തിക ക്രമക്കേട് നടത്തിയ ടിയാനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് 29.4.2019ൽ നഗരസഭ സെക്രട്ടറി ഫറോക്ക് പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ് ചാർജ്ജ് ചെയ്യുകയും ചെയ്തു.
ടിയാൻ ഒടുക്കാൻ ബാക്കിയുണ്ടായിരുന്ന 107899/-രൂപയിൽ 48000/-രൂപ 29.4.2019 നും, 59899/-രൂപ 15.5.2019നും കാനറാ ബാങ്കിൽ ഒടുക്കിയിട്ടുണ്ട്.
നഗരസഭ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ വി-2/9084/2019/ 1.6.2019 പ്രകാരം ടിയാന് കുറ്റാരോപണ മെമ്മോ നൽകുകയും അച്ചടക്ക നടപടികൾ എടുക്കാതിരിക്കുന്നതിന് കാരണം കാണിക്കാൻ ആവശ്യപ്പെടുകയും ആയതിന് 4.7.2019ന് സുബീഷ് പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലുംനിയന്ത്രണ അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(എ) പ്രകാരം അന്വേഷണം നടത്തുന്നതിനും അന്വേഷണത്തിന്റെ ഭാഗമായി 4.10.2019ന് സുബീഷിനെ നേരിൽ കേൾക്കുന്നതിനും റീജിയണൽ ജോയിന്റ് ഡയറക്ടർ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി. 29.102019 ലെ സി-3752/19 നമ്പറായി കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ പുറപ്പെടുവിച്ച അന്വേഷണ റിപ്പോർട്ടിൽ നഗരകാര്യ ഡയറക്ടറുടെ 1.6.2019 ലെ വി2/9084 നമ്പർ കുറ്റാരോപണ മെമ്മോയിലെ ആരോപണങ്ങൾ അംഗീകരിച്ച് ടിയാന്റെ പ്രവൃത്തി തികച്ചും അച്ചടക്ക ലംഘനവും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയും ഉള്ളതായി കാണുന്നതിനാൽ ടിയാനെതിരെ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

നഗരകാര്യ ഡയറക്ടറുടെ കുറ്റാരോപണ മെമ്മോക്ക് സുബീഷ് നൽകിയ മറുപടിയിൽ മേലിൽ യതൊരു വിധ ക്രമക്കേടുകളോ അച്ചടക്ക ലംഘനമോ നടത്തുന്നതല്ലെന്നും തെറ്റുകൾ മാപ്പാക്കി സസ്പെൻഷൻ നടപടി പിൻവലിച്ച് ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്നും അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പേരിലുള്ള അച്ചടക്ക നടപടി തുടരുമെന്ന വ്യവസ്ഥയിൽ കണ്ണൂർ ജില്ലയിലെ ആന്തൂർ നഗരസഭയിൽ സർവ്വീസിൽ പുന:പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ, കുറ്റാരോപണ മെമ്മോയിൽ ശ്രീ.സുബീഷിനെതിരെ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ എല്ലാം തന്നെ വസ്തുതാപരമാണെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ ടിയാന്റെ കൃത്യവിലോപത്തിന് 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം ശിക്ഷയായി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടുകൂടി തടഞ്ഞു വെയ്ക്കാൻ തീരുമാനിച്ചിട്ടുള്ളതായും പ്രസ്തുത നടപടിയ്ക്കെതിരായി എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് രേഖാമൂലം അറിയിക്കാനും ആവശ്യപ്പെട്ടുകൊണ്ട് 3.2.2020 ലെ വി-2/9084/19 നമ്പറിലുള്ള കാരണം കാണിക്കൽ നോട്ടീസ് സുബീഷിന് നൽകിയിട്ടുണ്ട്. ഭരണ വകുപ്പ് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി) <u>ഡി & ഓ ലൈസൻസ് ഫീ ഒടുക്കിയതിൽ കാലതാമസം</u>**

നഗരസഭ സെക്രട്ടറിയുടെ 16.02.2019ലെ എ4/460/19നമ്പർ ഉത്തരവ് പ്രകാരം കാര്യാലയത്തിലെ ക്ലാർക്കുമാരായ ശ്രീ.സജു, ശ്രീ.വിഷ്ണു എന്നിവരെ 17.02.2019 ഞായറാഴ്ച്ച അവധി ദിവസം ഡി & ഓ ലൈസൻസ് ഫീസ് സ്വീകരിക്കുന്നതിനായി ക്യാഷ് കൗണ്ടർ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി നിയമിച്ച് ഉത്തരവായി. സാംഖ്യ രസീറ്റ് 0045395 മുതൽ 0045600 വരെ ഉപയോഗിച്ച് കൊണ്ട് രസീറ്റ് നമ്പർ

118030110367 മുതൽ 118030110572 വരെയായി 3,46,949/-രൂപ(മൂന്ന് ലക്ഷത്തി നാൽപത്തി ആറായിരത്തി തൊള്ളായിരത്തി നാൽപ്പത്തി ഒൻപത് രൂപ മാത്രം)വരവ് വന്നു. മേൽ ഉത്തരവിൽ പറയുന്ന പ്രകാരം തൊട്ടടുത്ത പ്രവർത്തി ദിവസം തുക എണ്ണി തിട്ടപ്പെടുത്തി ക്യാഷറെ ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ ആയത് അടവാക്കാതെ ചെസ്റ്റിൽ സൂക്ഷിക്കുകയും 01.03.2019ന് ആയത് കണ്ടെത്തുകയും ബാങ്കിൽ അടവാക്കുകയും ചെയ്തു. ഇതുമായി ബന്ധപെട്ട് ഉത്തരവാദികളായ ശ്രീമതി.സിന്ധു.പി, സീനിയർ ക്ലാർക്ക്, ശ്രീമതി.രേഷ്മ.കെ, ക്യാഷർ/ക്ലാർക്ക്, ശ്രീ.സാജു.സി.എച്ച്, ക്ലാർക്ക് എന്നീ ജീവനക്കാർക്ക് 02.03.2019ന് എ4/2743/19നമ്പർ മെമ്മോ നൽകുകയും ആയതിന് യഥാക്രമം എ4/2933/19/08.03.2019, എ4/2990/ 19/08.03.2019, എ4/3144/19/14.03.2019 എന്നിങ്ങനെ മറുപടിനല്കിയതിന്റെ അടിസ്ഥാനത്തിൽ ആയത് മാപ്പാക്കുകയാണ് ചെയ്തത്.

എന്നാൽ അവധി ദിവസം ലഭിച്ച 3,46,949/-രൂപ ബാങ്കിൽ അടവാക്കാത്തതും ക്യാഷ് സമ്മറി, ബാങ്ക് പാസ് ബുക്ക് എന്നിവ യഥാസമയം പരിശോധിക്കാത്തതും ഉത്തരവാദപെട്ട ഉദ്യോഗസ്ഥരിൽ നിന്നും വന്ന ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ചെസ്റ്റിൽ സൂക്ഷിച്ച വലിയ തുക തൊട്ടടുത്ത പ്രവർത്തി ദിവസം ബാങ്കിൽ ഒടുക്കേണ്ട കാര്യം തിരക്കു കാരണം ശ്രദ്ധയിൽപെട്ടില്ല എന്നത് അംഗീകരിക്കാവുന്നതല്ല. തുടർന്ന് നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഇതു സംബന്ധിച്ച് പരാമർശങ്ങൾ/ചർച്ചകൾ നടന്നതായി കാണുന്നില്ല.

നഗരസഭയിലെ പണമിടപാടുകളുടെ കാര്യത്തിൽ അക്കൗണ്ട്സ് ചട്ടങ്ങളിലേയും സർക്കാർ ഉത്തരവുകളിലേയും നിബന്ധനകൾ ബാധകമാണ്. മേൽ പറഞ്ഞ പണാപഹരണവുമായി ബന്ധപ്പെടുത്തി നടത്തിയ പരിശോധനയിൽ നഗരസഭയിലെ പണമിടപാടുകളിൽ 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ ചുവടെ ചേർത്ത വീഴ്ചകളുണ്ടായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം ലഭിച്ച എല്ലാ തുകകളും ട്രഷറി/ബാങ്ക് അക്കൗണ്ടുകളിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിക്ഷേപിക്കേണ്ടതാണ്. ചട്ടം 24പ്രകാരം പണം അക്കൗണ്ടുകളിൽ ഒടുക്കിയെന്ന് അക്കൗണ്ടന്റ് ഉറപ്പാക്കേണ്ടതാണ്. അപാകതകൾ ഉണ്ടെങ്കിൽ അവ ഉടൻ തന്നെ അക്കൗണ്ടന്റ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. എന്നാൽ മേൽ പ്രകാരം 15.11.2018 മുതൽ 23.3.2019 വരെയുള്ള കാലയളവിൽ വിവിധ സമയങ്ങളിലായി പണം ബാങ്ക് അക്കൗണ്ടിൽ ഒടുക്കാതെ ഓഫീസ് അറ്റന്റന്റ് അപഹരിച്ചിട്ടും, അവധി ദിവസം ഡി & ഒ ലൈസൻസിനത്തിൽ പിരിച്ചെടുത്ത പണം തൊട്ടടുത്ത പ്രവൃത്തി ദിവസം ക്യാഷർ ബാങ്കിൽ ഒടുക്കാതിരുന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടാതിരുന്നതും ഗുരുതരമായ വീഴ്ചയാണ്. തുക ബാങ്കിലടച്ചതിന്റെ പെയ്മെന്റ് സ്ലിപ്പ് പരിശോധിച്ചോ, ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചോ അടവിന്റെ കൃത്യത ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിച്ചിരുന്നില്ല.
2. മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ബാങ്ക് പാസ് ബുക്കുകളുമായി പൊരുത്തപ്പെടുത്തി അടുത്ത മാസം ഏഴാം തിയതിക്കകം അക്കൗണ്ടന്റ് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരം മാസാന്ത്യ റീകൺസീലിയേഷൻ നടത്തിയിരുന്നുവെങ്കിൽ ബാങ്ക് അക്കൗണ്ടിൽ തുക ഒടുക്കാതിരുന്നത് യഥാസമയം ശ്രദ്ധയിൽ പെടുമായിരുന്നു. 2018-19 ലെ വർഷാന്ത്യ റീകൺസീലിയേഷനിലാണ് അപാകത ശ്രദ്ധയിൽ പെട്ടിട്ടുള്ളത്.
3. മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 56 പ്രകാരം പ്രതിമാസ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റുകൾ അടുത്ത മാസം ഇരുപതാം തീയതിക്കു മുമ്പായി അക്കൗണ്ടന്റ് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. മാസാന്ത്യ പത്രികയുടെ പരിശോധനയും ഓഡിറ്റും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തേണ്ടതാണ്. പ്രതിമാസ വരവു ചെലവു കണക്ക് പരിശോധിച്ചപ്പോൾ തന്നെ വരവിലെ വ്യത്യാസം ശ്രദ്ധയിൽ പെടേണ്ടതായിരുന്നു.

മേൽപറഞ്ഞ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ് പണാപഹരണം യഥാസമയം നഗരസഭയുടെ ശ്രദ്ധയിൽ പെടാതിരുന്നതിന് കാരണമായിട്ടുള്ളത്. ദിനംപ്രതി ലഭിക്കുന്ന പിരിവു തുക പിറ്റെ ദിവസം തന്നെ ഫണ്ടിൽ ഒടുക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നില്ല. ഡേ ബുക്ക് പൂർണ്ണമായി പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല. പെയ്മെന്റ് സ്ലിപ്പ് എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം വേണ്ടത്ര കാര്യക്ഷമമാകാതിരുന്നതും അക്കൗണ്ടിംഗ് സംവിധാനത്തിലെ മേൽപറഞ്ഞ വീഴ്ചകളും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിയുടെ സമയോചിതമായ ഇടപെടലിന്റെ അഭാവവും സാമ്പത്തിക ക്രമക്കേടിന് ആക്കം കൂട്ടി.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 21 പ്രകാരം സാമ്പത്തിക തിരിമറിയോ നഷ്ടമോ ശ്രദ്ധയിൽപെട്ടാൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറെ രേഖാമൂലം വിവരം അറിയിക്കേണ്ടതാണ് എന്നാൽ ഇത് പ്രകാരമുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല എന്നതും ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ പ്രകാരമുള്ള സാമ്പത്തിക ക്രമക്കേടുകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ നഗരസഭ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. ക്യാഷ് കൈകാര്യം ചെയ്യുന്നതിൽ യാതൊരു കൃത്യവിലോപവും ഉണ്ടാകാതിരിക്കുന്നതിനും രശീതി പ്രകാരം ദിനം പ്രതി പിരിച്ചെടുക്കുന്ന വരവുകൾ തൊട്ടടുത്ത ദിവസം തന്നെ മുൻസിപ്പൽ ഫണ്ടിൽ ഒടുക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്. അക്കൗണ്ട്സ് ചട്ടപ്രകാരം, പ്രതിമാസ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ബാങ്ക് പാസ്ബുക്കുമായി പൊരുത്തപ്പെടുത്തി നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പ്രതിമാസ വരവു ചെലവു കണക്കുകൾ പരിശോധിക്കുമ്പോൾ പ്രതിമാസ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-9 കെട്ടിട നിർമ്മാണ അപേക്ഷകളിൻമേൽ ശരിയായ പരിശോധന നടക്കുന്നില്ല

നഗരസഭയിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ/നിർമ്മാണ പൂർത്തീകരണ അപേക്ഷകൾ യഥാവിധം പരിശോധിക്കാതെയാണ് തീരുമാനമെടുക്കുന്നതെന്ന് വിവിധ ഫയലുകൾ പരിശോധിച്ചതിൽ നിന്നും, ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധയിൽ നിന്നും വ്യക്തമാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

**1.**അപേക്ഷകന്റെ പേര് : ശ്രീ.ലിജീഷ് പൂത്താലി

ഫയൽ നം.: എ3/8533/18

മേൽ ഫയൽ പ്രകാരം ശ്രീ.ലിജീഷ്, തനിക്കുണ്ടായിരുന്ന കെട്ടിടത്തിന്റെ ഗാർഹിക ഉപയോഗതരം മാറ്റി, കച്ചവടം/വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാക്കുന്നതിനുള്ള അപേക്ഷ നഗരസഭയിൽ നൽകുകയും, നമ്പർ ബി1-ബി.എ(44522)/2019 പ്രകാരം(ബി.എൽ. നം. 364/18) നിർമ്മാണാനുമതി നൽകുകയും ചെയ്തു. തുടർന്ന് എ3/3132/19, തിയ്യതി.14.3.19 പ്രകാരം നിർമ്മാണം പൂർത്തീകരിച്ച് നമ്പർ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചു. ഈ ഫയൽ പരിശോധനയ്ക്കായി മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകി. 28.3.2019 ന് പി.ഡബ്ല്യൂ.ഒ. നൽകിയ പരിശോധന റിപ്പോർട്ടിൽ നിർമ്മാണാനുമതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും, കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായാണ് നിർമ്മാണം നടത്തിയിരിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. ഇതിനടിസ്ഥാനത്തിൽ നമ്പർ നൽകാവുന്നതാണെന്ന് എഞ്ചിനീയർ കുറിപ്പെഴുതി. ഇതിനുശേഷം കെട്ടിടത്തിന് നമ്പർ അനുവദിക്കുകയും, നികുതി നിർണ്ണയിച്ച് നൽകുകയും ചെയ്തു. കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം താഴെ ചേർക്കും പ്രകാരമാണ്.

സെല്ലാർ നില - 198.24

തറ നില - 339.36

ഒന്നാം നില - 339.36

രണ്ടാം നില - <u>339.36</u>

1216.32


ഓഡിറ്റിനോടനുബന്ധിച്ച് 26.2.2020 ന് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോടും, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസിയറിനോടുമൊപ്പം മേൽ നിർമ്മാണം നേരിൽ പരിശോധിച്ചതിൽ താഴെ ചേർക്കും വിധമുള്ള നിർമ്മാണമാണ് കണ്ടത്.

- കംപ്ലീഷൻ പ്ലാൻ പ്രകാരം റോഡ് നിരപ്പിൽ നിന്നും ഒരു സെല്ലാർ നിലയും, തറനിലയുൾപ്പെടെ മൂന്നു നിലയാണുള്ളത്. ഇപ്രകാരം നാലു നിലകളിലായി നിർമ്മാണം നടത്തിയെങ്കിലും, കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യത്യസ്തമായി ഒന്നാം നിലയിൽ നിന്നും റോഡിലേയ്ക്ക് കോൺക്രീറ്റ് സ്ലാബു മുഖേന അക്സെസ് നൽകുകയും, രണ്ടാം നിലയ്ക്ക് മുകളിലുള്ള ഭാഗം മുഴുവനായി ഷീറ്റിട്ട് നാലുഭാഗവും,

ഷീറ്റുപയോഗിച്ച് മറക്കുകയും ചെയ്തിരിക്കുന്നു. ഒന്നാം നിലയിൽ നിന്നും റോഡിലേയ്ക്ക് നിർമ്മിച്ച സ്ലാബിനടിയിലും, നിർമ്മാണ പ്രവർത്തി നടന്നു വരുന്നു.

- കംബ്ലീഷൻ പ്ലാനിൽ സെല്ലാർ നിലയിലേയ്ക്ക് കാണിച്ചിട്ടുള്ള കോണി, തറനിരപ്പിലെ വികലാംഗർക്കായുള്ള ടോയിലെറ്റ് എന്നിവ നിർമ്മിച്ചിട്ടില്ല. കൂടാതെ പ്ലാനിൽ കാണിച്ച മറ്റു ടോയിലെറ്റുകളുടെ നിർമ്മിതിയിലും വ്യത്യാസമുണ്ട്.

- സെല്ലാർ നിലയിൽ കാണിച്ച ഏഴു കാറുകൾക്കുള്ള പാർക്കിംഗിന് മതിയായ സ്ഥലം ലഭ്യമല്ല. പെർമിറ്റിനായി നഗരസഭയിൽ സമർപ്പിച്ച പ്ലാനിലും ഏഴു കാറുകൾക്കുള്ള പാർക്കിംഗ് സെല്ലാർ നിലയിൽ കാണിച്ചിട്ടുണ്ടെങ്കിലും, ഇതിൽ വാഹനങ്ങൾക്ക് കടന്നു പോകാനുള്ള ഡ്രൈവ് വേ കാണിച്ചിട്ടില്ല. പെർമിറ്റിനുള്ള അപേക്ഷാ സമയവും, കംബ്ലീഷൻ സമയവും ഇതിനെ കുറിച്ച് എഞ്ചിനീയറിംഗ് വിഭാഗം പരാമർച്ചിട്ടില്ല.




- നികുതി നിർണ്ണയ സമയം ഉടമസ്ഥൻ നൽകേണ്ട ഫോറം രണ്ടിനൊപ്പം ഒരോ നിലയും, വിവിധ മുറികളായി തിരിച്ച രീതിയിൽ പ്രത്യേകം ഡ്രോയിംഗ് സമർപ്പിച്ചിരിക്കുന്നു. ഇതിനടിസ്ഥാനപ്പെടുത്തിയാണ് വിവിധ മുറികൾക്കായി നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്. എന്നാൽ കംപ്ലീഷൻ പ്ലാനിലും, നേരിട്ട് സ്ഥലം പരിശോധിച്ചപ്പോഴും എല്ലാ നിലകളും ഇടഭിത്തികളില്ലാതെ ഒറ്റ ഹാൾ ആയിട്ടാണുള്ളത്. നികുതി നിർണ്ണയ സമയം കെട്ടിടം നേരിട്ട് പരിശോധിച്ചിരുന്നില്ലയെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

- സന്ദർശന സമയം സൈറ്റിലുണ്ടായിരുന്ന നിർമ്മാണ തൊഴിലാളി അറിയിച്ചത് പ്രസ്തുത നിർമ്മാണം ഗൌഡൌണിന് വേണ്ടിയാണെന്നാണ്. ഇത്തരത്തിൽ സംഭരണ സ്ഥലമാണെങ്കിൽ ആയതിനുള്ള അടിസ്ഥാന സൌകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

മുകളിൽ വിവരിച്ച രീതിയിൽ നിർമ്മാണാനുമതി നൽകിയപ്പോൾ മതിയായ പാർക്കിംഗ് ഇല്ലാതിരുന്ന കാര്യം, നിർമ്മാണ പൂർത്തീകരണ ശേഷം നമ്പറിംഗ്, നികുതി നിർണ്ണയം എന്നീ ഘട്ടങ്ങളിൽ പ്ലാനിൽ നിന്നും വ്യതിചലിച്ച നിർമ്മാണം എന്നിവ റിപ്പോർട്ട് ചെയ്യാതെ പെർമിറ്റ് നൽകാനും, നമ്പർ നൽകി നികുതി നിർണ്ണയിക്കാനുണ്ടായ സാഹചര്യവും വിശദീകരിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും(ഓഡിറ്റ് എൻക്വയറി നം.22/18-19/27.2.2020) മറുപടി ലഭിച്ചില്ല.

**2.** ഉടമസ്ഥൻ : ശ്രീ.കെ.സി.ബേബി ഗിരിജ

നിർമ്മാണാനുമതി നം.: എ3/ബി.എ.(2129290/2019), ആർ.സി.100/19

ഫയൽ നമ്പർ : എ3/5318/19

നിലവിൽ ഒരു നില വാണിജ്യ കെട്ടിടമുണ്ടായിരുന്ന ശ്രീ.ബേബി ഗിരിജ തന്റെ കെട്ടിടത്തിനു മുകളിൽ ഒന്നാം നില നിർമ്മിക്കുന്നതിനുള്ള അപേക്ഷയാണ് നഗരസഭയിൽ നൽകിയിട്ടുള്ളത്. അപേക്ഷ പ്രകാരം കെട്ടിടത്തിന്റെ വിസ്തൃതി താഴെ ചേർക്കും പ്രകാരമാണ്.

തറ നില (നിലവിലുള്ളത്) - 402.38ച.മീ.

ഒന്നാം നില (നിർമ്മിക്കാനുദ്ദേശിക്കുന്നത്)- 418.32ച.മീ.

കോണി - 28.56ച.മീ.

ആകെ 848.7

ഈ അപേക്ഷ പരിശോധിച്ച് അഞ്ച് അപാകതകൾ വിവരിച്ച്, ഇവ പരിഹരിച്ച് പുതിയ പ്ലാൻ സമർപ്പിക്കാൻ അപേക്ഷകനോട് 11.3.2019ലെ എ3/5318/19 നമ്പർ കത്തു മുഖേന അറിയിപ്പ് നൽകിയിരുന്നു. അപാകതകളുടെ വിവരം താഴെ ചേർക്കുന്നു

1. ഫ്രണ്ട് സെറ്റ് ബാക്കിൽ പാർക്കിംഗ് സ്ഥലം അപര്യാപ്തമാണ്,
2. പാർക്കിംഗിന് ഫ്രീ ഡ്രൈവ് വേ കാണിക്കണം,
3. ഔട്ടർ മെഷർമെന്റ് കൃത്യമായി കാണിക്കണം,
4. ലോഡിംഗ് അൺലോഡിംഗ് ഏരിയ ഉൾക്കൊള്ളിക്കണം,
5. ഓരോ ഫ്ലോറിലും ആവശ്യത്തിന് ടോയിലെറ്റ്/ യൂറിനൽ കാണിക്കണം.

ഇതിന്റെയടിസ്ഥാനത്തിൽ അപേക്ഷകൻ പുതിയ പ്ലാൻ സമർപ്പിച്ചു. ഇതിൽ മേൽ കത്തിൽ വിവരിച്ച 3, 4, 5 നംപരിലുള്ള അപാകതകൾ പരിഹരിച്ചതായി കാണുന്നു. എന്നാൽ ആദ്യം നൽകിയ കത്തിൽ ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പാർക്കിംഗ്, ടോയിലെറ്റ് സംവിധാനം എന്നിവയില്ലാത്തത് പരാമർശിച്ചിട്ടില്ല. മതിയായ പാർക്കിംഗ് ഇല്ലാതെയും, വാഹനങ്ങൾക്കുള്ള ഡ്രൈവ് വേയില്ലാതെയും, ടോയിലെറ്റ് സംവിധാനമില്ലാതെയുമാണ് നിർമ്മാണാനുമതി നല്കിയിരിക്കുന്നത്. നിലവിൽ നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗും, നികുതി നിർണ്ണയവും പൂർത്തിയായിട്ടുണ്ട്.

ഓഡിറ്റിനോടനുബന്ധിച്ച് 26.2.2020 ന് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോടും, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസിയറിനോടുമൊപ്പം മേൽ നിർമ്മാണം നേരിൽ പരിശോധിച്ചപ്പോൾ ഒന്നാം നിലയുടെ നിർമ്മാണത്തിൽ ചില വ്യതിയാനങ്ങൾ കാണുന്നു. ഒന്നാം നിലയിൽ പാസ്സേജിനടുത്ത് കാണിച്ച ടോയിലെറ്റ് പണിതിട്ടില്ല. ഒന്നാം നിലയിൽ പാസ്സേജ് ആയി കാണിച്ചിരിക്കുന്ന പകുതി ഭാഗം ഗ്രിൽ ഉപയോഗിച്ച് അടച്ചിരിക്കുകയാണ്. പ്രസ്തുത ഭാഗത്തെ മുറികൾ ഉപയോഗപ്പെടുത്തുന്നവർക്ക് പാസ്സേജ് കൂടി സ്വകാര്യമായി ഉപയോഗപ്പെടുത്താവുന്ന രീതിയിലാണ് നിർമ്മാണം. ബാക്കി പകുതി ഭാഗത്തും പ്ലാനിൽ കാണിക്കാത്ത രീതിയിൽ പാസ്സേജിൽ പകുതി ഉയരത്തിൽ ചുമർ കെട്ടിയിരിക്കുന്നു. ഈ ഭാഗവും ഭാവിയിൽ പ്രസ്തുത ഭാഗത്തെ മുറികൾ ഉപയോഗിക്കുന്നവർക്ക് സ്വകാര്യമായി ഉപയോപ്പെടുത്താവുന്ന രീതിയിലാണുള്ളത്. നികുതി നിർണ്ണച്ചപ്പോൾ പാസ്സേജ് ഏരിയയ്ക്ക് നികുതി കണക്കാക്കിയിട്ടില്ല. കൂടാതെ കെട്ടിടത്തിന്റെ വലതുവശത്തായി കാണിച്ച സെറ്റ് ബാക്ക് സ്ഥലത്ത് തൊട്ടടുത്ത കെട്ടിടത്തിനോട് ചേർന്ന് മറ്റൊരു മുറി നിർമ്മിച്ച് ഇന്റീരിയർ പണികൾ ചെയ്തു വരുന്നു. പാസ്സേജ് കൂടി ഉപയോഗപ്പെടുത്തുന്ന പക്ഷം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം വീണ്ടും കൂടും. ഇത് അനുബന്ധ സൌകര്യങ്ങളുടെ (പാർക്കിംഗ്, ടോയ് ലെറ്റ്) ആവശ്യകതയും കൂട്ടുന്നു. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയുള്ള നിർമ്മാണങ്ങൾക്ക് നിർമ്മാണാനുമതി മേൽ രീതിയിൽ നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 24/18-19 പ്രകാരം ആവശ്യപ്പെട്ടതിന്, നഗരസഭയുടെ അനുമതിയില്ലാതെയും, ചട്ടങ്ങൾ പാലിക്കാതെയും നിർമ്മാണം നടത്തിയതിന് കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകി, ആയത് പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചത്. എന്നാൽ ശരിയായ പരിശോധയില്ലാതെ/ യഥാർത്ഥ വിവരങ്ങൾ റിപ്പോർട്ട് ചെയ്യാതെ പെർമിറ്റ് അനുവദിക്കാനുണ്ടായ സാഹചര്യം മറുപടിയിൽ വിശദീകരിച്ചിട്ടില്ല.

**3.** അപേക്ഷകൻ : ശ്രീ.അബ്ദുൾ ഹമീദ്

ഫയൽ നമ്പർ : ബി1/6621/2018

പെർമിറ്റ് നമ്പർ :ബി1-ബി.എ.(294651)/2018 (ബി.എൽ. 300/18)

ശ്രീ.അബ്ദുൾ ഹമീദ് 744.28 ച.മീറ്റർ വിസ്തൃതിയുള്ള (മൂന്നു നിലകളിലായി) ഒരു സ്പെഷ്യൽ റസിഡൻസ് നിർമ്മിക്കുന്നതിനുള്ള നിർമ്മാണാനുമതി മേൽ പെർമിറ്റ് പ്രകാരം നഗരസഭയിൽ നിന്നും ലഭ്യമാക്കി. ഓഡിറ്റിനോടനുബന്ധിച്ച് 26.2.2020 ന് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോടും, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസിയറിനോടുമൊപ്പം മേൽ നിർമ്മാണം നേരിൽ പരിശോധിച്ചപ്പോൾ, നിലവിൽ തറനിലയുടെ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നതായും, ഇവിടെ വൈദ്യുതി സംവിധാനമുൾപ്പെടെ സജ്ജമാക്കി ഉപയോഗിച്ചു വരുന്നതായും കണ്ടു. ആയത് പ്രാർത്ഥനാലയമായാണ് ഉപയോഗിക്കുന്നതെന്ന് സമീപവാസി അറിയിക്കുകയുണ്ടായി. എന്നാൽ ഈ നിർമ്മാണത്തിന്റെ പൂർത്തീകരണ വിവരം നഗരസഭയിൽ അറിയിച്ചതായോ, ഇതിന് നമ്പർ അനുവദിച്ച് നികുതി നിർണ്ണയിച്ചതായോ കാണുന്നില്ല. നഗരസഭാ പരിധിയിൽ, നഗരസഭയറിയാതെ

ഇത്തരത്തിൽ കെട്ടിടം ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23 /18-19 ), 'നഗരസഭയിൽ നിന്ന് നിയമാനുസൃത നമ്പർ അനുവദിക്കുന്നതിനു മുമ്പായി കെട്ടിടത്തിന്റെ ഉപയോഗത്തിൽ മാറ്റം വരുത്തിയതു സംബന്ധിച്ച് അടിയന്തിരമായി വിശദീകരണം ആവശ്യപ്പെടുമെന്നും, ആയതു സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിനു് ഉടമസ്ഥനോട് ആവശ്യപ്പെടുമെന്നു'മുള്ള മറുപടിയാണ് ലഭിച്ചത്. മേൽ കെട്ടിടം നേരിൽ പരിശോധിച്ച് അനുമതി നൽകിയ പ്രകാരമാണോ നിർമ്മാണം നടത്തിയതെന്ന് ഉറപ്പു വരുത്തേണ്ടതും, ആയത് പ്രാർത്ഥനാവശ്യത്തിനാണ് ഉപയോഗപ്പെടുത്തുന്നതെങ്കിൽ ഇത്തരം നിർമ്മാണത്തിന് ലഭ്യമാക്കേണ്ട അനുമതികൾ (ജില്ലാ കളക്ടറുടെ) ലഭ്യമാക്കിയ ശേഷം മാത്രം നിർമ്മാണം ക്രമവത്കരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**4. (എ)**ഫയൽ നമ്പർ : ബി1/2584/2019

അപേക്ഷകൻ : ശ്രീമതി.പ്രീതി.സി.ആർ.

മേൽ അപേക്ഷയിൽ 999.35 ച.മീറ്റർ വിസ്തൃതിയുള്ള പുതിയൊരു വാണിജ്യ കെട്ടിടം പണിയുന്നതിനാണ് അപേക്ഷിച്ചിരിക്കുന്നത്. ബി.എൽ. നമ്പർ B1-BA(132969)2019(ബി.എൽ.134/19) പ്രകാരം ഇവർക്ക് നിർമ്മാണാനുമതിയും നൽകി. അപേക്ഷകൻ നഗരസഭയിൽ സമർപ്പിച്ച പ്ലാനിൽ നിന്നും, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത രീതിയിലാണ് അപേക്ഷ നൽകിയതെന്ന് വ്യക്തമാകുന്നതാണ്. സെല്ലാർ നിലയിൽ കാണിച്ച ഏഴു കാറുകൾക്കുള്ള പാർക്കിംഗിന് മതിയായ സ്ഥലം അവിടെ ലഭ്യമല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഒരു കാറിന്റെ പാർക്കിംഗിന് ആവശ്യമായ സ്ഥലം 5.5.X 2.7 ച.മീ. ആണ്. എന്നാൽ ലഭ്യമാക്കിയ പ്ലാനിൽ കാണിച്ചിരിക്കുന്ന പില്ലറുകൾ(കോളത്തിന്റെ) തമ്മിലുള്ള അകലം അഞ്ചു മീറ്റർ മാത്രമാണ്. ഈ പില്ലറുകൾക്കിടയിലാണ് കാറുകളുടെ പാർക്കിംഗ് കാണിച്ചിരിക്കുന്നത്. ഈ സ്ഥലത്ത് ഏഴു കാറുകൾ പാർക്ക് ചെയ്താൽ, വാഹനങ്ങൾക്കു വേണ്ട ഡ്രൈവ് വേ ഇല്ലാതെയാകും. എന്നാൽ അപേക്ഷ പരിശോധിച്ച സമയം സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥൻ ഇതു സംബന്ധിച്ച് പരാമർശിച്ചതായി കാണുന്നില്ല. ഓഡിറ്റ് ടീം പ്രസ്തുത സ്ഥലം പരിശോധിച്ചപ്പോൾ, നിർമ്മാണം ആരംഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത സ്ഥലത്ത് നിലവിൽ മാറ്റൊരു കെട്ടിടമുണ്ട്(വീട്). എന്നാൽ ഇക്കാര്യം നഗരസഭയിൽ സമർപ്പിച്ച അപേക്ഷയിൽ കാണിച്ചിട്ടില്ല. പരിശോധന നടത്തിയ ഉദ്യോഗസ്ഥനും ഇക്കാര്യം നഗരസഭയിൽ അറിയിച്ചിട്ടില്ല. ഈ രീതിയിൽ വേണ്ട പരിശോധന നടത്താതെ/ തെറ്റായ റിപ്പോർട്ട് നൽകി പെർമിറ്റ് അനുവദിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

**(ബി).** ഫയൽ നമ്പർ : എ 3/5001/2018

അപേക്ഷകൻ : ശ്രീ.ഹാജഹാൻ മുനീർ

മേൽ അപേക്ഷ പ്രകാരം ശ്രീ.ഷാജഹാൻ മുനീർ തന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 395.98 ച.മീ. വിസ്തൃതിയുള്ള ഒരു ഷോപ്പ് കം റെസിഡെൻസ് നിർമ്മിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പ്രസ്തുത സ്ഥലം നിലമായതിനാൽ ആർ.ഡി.ഒ.യുടെ തരം മാറ്റ അനുമതി ലഭ്യമാകുന്ന മുറയ്ക്കു മാത്രമേ അപേക്ഷ പരിഗണിക്കാൻ സാധിക്കൂ എന്ന് അപേക്ഷകനെ അറിയിച്ചു. ഓഡിറ്റിനോടനുബന്ധിച്ച് 26.2.2020ന് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോടും, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസിയറിനോടുമൊപ്പം മേൽ നിർമ്മാണം നേരിൽ പരിശോധിച്ചപ്പോൾ പ്രസ്തുത സ്ഥലത്ത് ഒരു വീട് നിലവിലുണ്ട്. ഈ വീടിന്റെ അറ്റകുറ്റ പണി നടന്നു വരുന്നു. എന്നാൽ നഗരസഭയിൽ സമർപ്പിച്ച പ്ലാനിൽ നിലവിലുള്ള വീട് സംബന്ധിച്ച യതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. പുതിയ കെട്ടിടത്തിന്റെ നിർമ്മാണമാണ് കാണിച്ചിട്ടുള്ളത്.

മേൽ വിവരിച്ച രീതിയിൽ യഥാർത്ഥ സ്ഥിതി റിപ്പോർട്ട് ചെയ്യാതെ നിർമ്മാണാനുമതി അപേക്ഷകൾ കൈകാര്യം ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25 /18-19 ), ഓഫീസ് തിരക്കുകൾക്കിടയിൽ ലഭിച്ച പ്ലാനിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും, രണ്ടാമത്തെ അപേക്ഷ നിലമാണെന്ന് മനസ്സിലായപ്പോൾ, സ്ഥലം പരിശോധിക്കാതെ തന്നെ അപേക്ഷകന് നോട്ടീസ് നൽകുകയാണുണ്ടായതെന്നുമുള്ള മറുപടിയാണ് നൽകിയത്.

മുകളിൽ വിവരിച്ച ഉദാഹരണങ്ങളിൽ നിന്നും, നഗരസഭയിൽ കെട്ടിടനിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ ഗുരുതര വീഴ്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വരുത്തുന്നുണ്ടെന്ന് വ്യക്തമാണ്. ഇത്തരത്തിൽ തെറ്റായ രീതിയിൽ/യഥാർത്ഥ സ്ഥിതി റിപ്പോർട്ട് ചെയ്യാതെ പെർമിറ്റ് അനുവദിക്കുന്നത് ഈ മേഖലയിൽ നടന്നു വരുന്ന വിവിധ ക്രമക്കേടുകളിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. പ്ലാനുകളിലെ, സൈറ്റുകളിലെ അപാകതകൾ യഥാവിധം റിപ്പോർട്ട് ചെയ്യാതെ, അപേക്ഷകർക്ക് അനധികൃത

നിർമ്മാണങ്ങൾക്ക് അവസരമൊരുക്കിയ ജീവനക്കാർക്കെതിരെ ആവശ്യമായ ശിക്ഷാനടപടികൾ കൈക്കൊള്ളേണ്ടതാണ്. സൈറ്റുകളിലെ യാഥാസ്ഥിതി മറച്ചു വച്ച് തെറ്റായ രീതിയിൽ പ്ലാനുകൾ വരച്ച് നഗരസഭയിൽ സമർപ്പിക്കുന്ന എൽ.ബി.എസുമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭയിൽ നിന്നും ഒക്യുപൻസി വാങ്ങിയ ശേഷം, കെട്ടിടങ്ങളിൽ വരുത്തുന്ന നിർമ്മാണങ്ങൾ/വ്യതിയാനങ്ങൾ പരിശോധിക്കുന്നതിന് ശക്തമായ സംവിധാനം ഉറപ്പു വരുത്തേണ്ടതും ഇത്തരം നിർമ്മാണങ്ങൾ നടത്തുന്നവർക്കെതിരെ ചട്ട പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 വസ്തു നികുതി- മുനിസിപ്പലിറ്റി നിരക്ക് പ്രാബല്യത്തിൽ വന്നില്ല.വൻ നികുതി നഷ്ടം സംഭവിക്കുന്നു

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 233 പ്രകാരമാണ് നഗരസഭകളിൽ വസ്തുനികുതി ഈടാക്കി വരുന്നത്. നഗരസഭ പ്രദേശങ്ങളിലെ കെട്ടിടങ്ങളെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ (i) പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ (ii) വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്നവ തുടങ്ങിയ രീതിയിൽ തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണയിക്കാനും മുകളിൽ പറഞ്ഞ പ്രകാരം, ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി നിരക്കുകളുടെ കൂടിയതും കുറഞ്ഞതുമായ പരിധി നിശ്ചയിച്ചു കൊണ്ടുള്ള ചട്ടങ്ങൾ [2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതി സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ] 01.04.2011 മുതൽ നിലവിൽ വന്നു[ഗസറ്റ് നമ്പർ.80 തീയതി.14.01.2011, ജി.ഒ(പി)18/2011/തസ്വഭവ.14.01.2011].

നഗരസഭ, ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ, 01.04.2011 മുതൽ കേരള പഞ്ചായത്ത് (വസ്തുനികുതി സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ നിലവിൽ വരികയും, അത് നടപ്പാക്കുകയും ചെയ്തപ്പോൾ പൊതുജനങ്ങളിൽ നിന്നും നിരവധി പരാതി ഉയർന്നു വരികയും ഒരു വിഭാഗം വ്യാപാരികൾ ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി നികുതി പരിഷ്കരണം നടപ്പാക്കുന്നത് താൽകാലികമായി സ്റ്റേ ചെയ്തു. നിലവിൽ പഴയ കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ നികുതി നിരക്കാണ് ഈടാക്കുന്നത്. ഇത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ച് കൊണ്ടിരിക്കുന്നത്.

2015 ൽ പഞ്ചായത്തിനെ നഗരസഭയാക്കി മാറ്റുകയുണ്ടായി. ഇതിന് ശേഷം 2011 ലെ കേരള മുനിസിപ്പലിറ്റി (വസ്തു നികുതിയും സേവന നികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരം നഗരസഭ പരിധിയിലുള്ള കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ 01.04.2016 ന് പ്രാബല്യത്തിൽ വരുത്തുന്നതിന് കൌൺസിൽ തീരുമാനമെടുക്കുകയും ആയത് സംബന്ധിച്ച് പ്രാഥമിക അറിയിപ്പ് 05.10.2016 തീയ്യതിയിൽ (ബി.3/9336/16) നോട്ടീസ് ബോർഡിലും ദിനപത്രത്തിലും (മാതൃഭൂമി 09.10.2016) പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് മുനിസിപ്പലിറ്റി നിയമത്തിൽ അനുശാസിക്കുന്ന നിരക്കിൽ നികുതി ഈടാക്കുന്നുണ്ട്.

നഗര സഭയിലെ മുഴുവൻ കെട്ടിങ്ങൾക്കും(വസ്തു നികുതി പരിഷ്കരണത്തിനെതിരെ കേസ് ഫയൽ ചെയ്ത ഒരു വിഭാഗം വ്യാപാരികളുടെ കെട്ടിടങ്ങൾ ഒഴികെയുള്ള) നികുതി പുനർ നിർണയിച്ച് പുതിയ നിരക്കിൽ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നഗരസഭക്കുണ്ടാകുന്ന നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്. മുൻ വർഷത്തെ റിപ്പോർട്ടിൽ ഇക്കാര്യം പരാമർശിച്ചുവെങ്കിലും നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

## 1-11 ഹോസ്റ്റൽ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ-നികുതി നഷ്ടം സംഭവിക്കുന്നു

ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ 14.01.2011 തീയതിയിൽ പുറപ്പെടുവിച്ച സ.ഉ(അ) 19/2011/ ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനം, 24.02.2015 ലെ സ.ഉ.(അ) 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത്, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, പാർപ്പിടാവശ്യത്തിന്റെ ഉപവിഭാഗമായി

സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, എന്നിവക്ക് ബാധകമായ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ നഗരസഭയുടെ കാര്യത്തിൽ ഇത്തരത്തിലുള്ള ഒരു ഭേദഗതി ഉണ്ടായിട്ടില്ല. പാർപ്പിടാവശ്യത്തിനുള്ള ഉപവിഭാഗങ്ങളെ പ്രത്യേകം നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഉപവിഭാഗങ്ങളിലുൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് 7/-രൂപ നിശ്ചയിച്ചാണ് നഗര സഭയിൽ നികുതി നിർണ്ണയം നടത്തുന്നത്. ഭേദഗതി പുറപ്പെടുവിക്കാത്തിടത്തോളം കാലം നഗരസഭകൾക്ക് ഇത്തരത്തിൽ നികുതി നഷ്ടം സംഭവിക്കുന്നതാണ്.

ഉദാ-

| ക്രമ നം | കെട്ടിടത്തിന്റെ നം/ ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റ തരം/വിസ്തീർണം | ഈടാക്കുന്ന നികുതി |
|---|---|---|---|
| 1 | 15/334 എ<br>പി ഒ ജെ ലബ്ബ | ഹോസ്റ്റൽ<br>1045.72 ച.മീ. | 11364 |
| 2 | 10/1 65 എ1<br>ആലിക്കാവീട്ടിൽ നൂറുദ്ദീൻ&ഹസ്സൻകുട്ടി | ഡോർമെറ്ററി<br>117 ച.മീ. | 848 |
| 3 | ആലിക്കാവീട്ടിൽ നൂറുദ്ദീൻ&ഹസ്സൻകുട്ടി | ഡോർമെറ്ററി<br>162.98 ച.മീ. | 1181 |

(സ.ഉ.(അ) 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് പാർപ്പിടാവശ്യത്തിന്റെ ഉപവിഭാഗമായി സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവക്ക് പഞ്ചായത്തുകളിൽ കുറഞ്ഞ നിരക്ക് ച.മീറ്ററിന് 30/- രൂപയും കൂടിയ നിരക്ക് 60/- രൂപയുമാണ്. അതായത് പഞ്ചായത്തുകളിൽ ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്ക് 30/- രൂപയുള്ളപ്പോൾ നഗരസഭയിൽ 7/- രൂപ മാത്രമാണ് ലഭിക്കുന്നത്).

ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, പാർപ്പിടാവശ്യത്തിന്റെ ഉപവിഭാഗമായി സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, എന്നിവക്ക് നഗരസഭയിൽ ബാധകമായ നികുതി നിരക്കുകളുടെ വിജ്ഞാപനം, സർക്കാർ തലത്തിൽ കൈകൊള്ളുന്നതിന് ഇക്കാര്യം സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 അനധികൃത നിർമാണം- തുടർ നടപടികൾ അനിവാര്യം

ശ്രീ പ്രേംജിത്ത്, പ്രഭാവതി എന്നിവർക്ക് BL-431/15-16 തിയതി 0-03-2016 പെർമിറ്റ് പ്രകാരം ഒരു കെട്ടിടം പണിയുന്നതിന് പെർമിറ്റ് നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ വിവിധ നിലകളുടെ വിസ്തീർണം താഴെ കൊടുക്കുന്നു

| | |
|---|---|
| ബേസ്മെന്റ് | 919.64 |
| തറ നില | 804.56 |
| ഒന്നാം നില | 804.56 |
| രണ്ടാം നില | 698.56 |
| മൂന്നാം നില | 698.56 |
| ടെറസ്സ് | 44.77 |
| ആകെ | 3970.65 |

പുർത്തീകരിച്ച മേൽ കെട്ടിടത്തിന് 11/469-A1 മുതൽ 11/469- A 18 വരെ നമ്പർ നൽകി നികുതി ഈടാക്കുന്നുണ്ട് (2018 മുതൽ പ്രാബല്യം). പെർമിറ്റ് നൽകിയ മുഴുവൻ തറ വിസ്തീർണത്തിനും (3970.65 ചമി) നികുതി കണക്കാക്കിയിട്ടുണ്ട്.

**26-02-2020 ന് നഗരസഭ ജീവനക്കാരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.**

1. കെട്ടിടത്തിന്റെ ടെറസ്സ് പൂർണമായും മേൽക്കുര(ഷീറ്റ്) പണിയുകയും, നാലു ഭാഗവും മറക്കുകയും ചെയ്തിട്ടുണ്ട്. മറ്റു നിലകൾക്ക് സമാനമായ വിസ്തൃതിയിലാണ് ഇത് പണിതിട്ടുള്ളത്. അനധികൃതമായി നിർമാണം നടത്തിയ 653.79 ച. മീറ്ററിന് (698.56-44.77) വസ്തു നികുതി നിർണയിച്ചിട്ടില്ല.
2. ഈ ഭാഗത്തെ നിർമാണം ബിൽഡിംങ് റൂൾ പ്രകാരം അനുവദനീയമാണോയെന്ന് പരിശോധിക്കേണ്ടതാണ്. ആണെങ്കിൽ, നിയമം അനുശാസിക്കും വിധം പിഴ ഈടാക്കി ക്രമവൽക്കരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അനധികൃതമായി നിർമിച്ച 653.79 ച. മീറ്ററിന് മറ്റു നിലകളിൽ ഈടാക്കുന്നത് പോലെ വസ്തു നികുതിക്ക് വിധേയമാക്കേണ്ടതുമാണ്.
3. ഈ ഭാഗത്തെ നിർമാണം ബിൽഡിംങ് റൂൾ പ്രകാരം അനുവദനീയമല്ലെങ്കിൽ പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

# 1-13 രശീത് പിരിവിലെ അപാകതകൾ

12.09.2018 മുതൽ 31.03.2019 വരെയുള്ള കാലയളവിലെ രശീത് ബുക്കുകൾ, സാംഖ്യ രശീതുകൾ, കളക്ഷൻ രജിസ്റ്ററുകൾ, തനത് ഫണ്ട് അക്കൗണ്ട് പാസ്ബുക്കുകൾ, എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. സാംഖ്യ രശീതുകൾ റദ്ദ് ചെയ്യുമ്പോൾ റദ്ദ് ചെയ്യാനുണ്ടായ കാരണം കൃത്യമായി ചേർക്കേണ്ടതും സോഫ്റ്റ്‌വെയറിൽ പരിമിതികളുണ്ടെങ്കിൽ കാരണം മാന്വലായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. റദ്ദ് ചെയ്യുന്ന രശീതുകളുടെ റിപ്പോർട്ട് അതത് ദിവസം തന്നെ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. അതത് ദിവസങ്ങളിലെ പിരിവിന്റെയും ഒടുക്കിന്റേയും കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആയത് നിർവ്വഹിക്കുന്നുണ്ടെന്ന് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതും ഡേ ബുക്ക്, കളക്ഷൻ രജിസ്റ്റർ എന്നിവയിൽ സാക്ഷ്യപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. എന്നാൽ ആയത് പാലിക്കപ്പെടുന്നതായി കാണുന്നില്ല.
3. മാന്വൽ രസീറ്റ് ബുക്ക് കൈകാര്യം ചെയ്യുന്നതിലും ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| ജീവനക്കാരൻ്റെ പേര് | രസീത് നമ്പർ | അപാകത |
|---|---|---|
| സുഹറ | 95/9454 തീയതി 30.9.18 | ക്യാൻസൽ ചെയ്യ്ത ഡ്യൂപ്ലിക്കേറ്റ് ഹാജരാക്കിയിട്ടില്ല. |
| ഓഫീസ് രസീറ്റ് ബുക്ക് | 116/11501 മുതൽ 11523 വരെ | ഡബിൾസൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. |
| ഓഫീസ് രസീറ്റ് ബുക്ക് | 121/12002 തീയതി 02.07.18 | തുക അക്ഷരത്തിൽ എഴുതിയിട്ടില്ല |
| രേഷ്മ.കെ | 113/11228 തീയതി 13.03.2019 | ക്യാൻസൽ ചെയ്യ്ത രസീറ്റ് ഉത്തരവാദപെട്ട ഉദ്ധ്യോഗസ്ഥൻ സാക്ഷ്യപെടുത്തിയിട്ടില്ല. |
| വിമൽകുമാർ | 87/8608, 09 തീയതി 24.9.18 | ടി |

| | | |
|---|---|---|
| | 115/11458, 59 തീയതി 13.03.19 | |
| വിഷ്ണുപ്രസാദ് | 115/11411, 117/11647, 51, 83, 99, 118/11782 | ടി |
| സുനിൽദാസ്.സി | 118/11716 | ടി |

4. രസീറ്റുകളുടെ സ്റ്റോക്ക് പരിശോധനയിൽ മാന്വൽ രസീറ്റുകളിൽ രസീറ്റ് ബുക്ക് നമ്പർ 141 മുതൽ 180 വരെ 40 എണ്ണവും 98 നംപരിലുള്ള രസീറ്റ് ബുക്കും ഉൾപ്പടെ 41 രസീറ്റ് ബുക്കുകൾ കാണുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആകെ 40 രസീറ്റ് ബുക്കുകളാണ് ബാലൻസ് കാണിച്ചിട്ടുള്ളത് .

5. സ്റ്റോക്ക് രജിസ്റ്ററിൽ കോളം 6, നീക്കിബാക്കി (അവശേഷിക്കുന്ന രസീറ്റ് ബുക്കുകളുടെ എണ്ണം) പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല.

6. സാംഖ്യ രസീറ്റ് സ്റ്റോക്ക് രജസ്റ്ററിൽ പേജ് 16ൽ 24.06.2019ന് സ്റ്റേഷനറി നമ്പർ 520001 മുതൽ 82000 വരെ ക്യാഷ് കൗണ്ടർ ക്ലാർക്ക് ശ്രീ.സുനിൽദാസിന് കൈമാറിയതായി കാണുന്നു. രസീറ്റുകൾ ആവശ്യാനുസരണം കൈമാറാതെ ലഭിച്ച എല്ലാ രസീറ്റുകളും രസീറ്റ് ഉപയോഗിക്കുന്ന ജീവനക്കാരന് നൽകിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

7. സെർവ്വർ പ്രവർത്തനക്ഷമമല്ലാത്ത അവസരങ്ങളിൽ ഓഫീസ് കളക്ഷനുകൾ മാന്വലായി സ്വീകരിച്ചിരുന്നു. പിന്നീട് അത്തരം രസീറ്റുകൾ (ഇന്ററപ്റ്റഡ്) സാംഖ്യയിൽ ചേർത്തിയതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ

| ക്രമ നം | തീയതി | മാന്വൽ രസീറ്റ് നമ്പറുകൾ | തുക |
|---|---|---|---|
| 01 | 12.03.2019 | 109/10849 മുതൽ 10859 വരെ | 5193 |
| 02 | 15.03.2019 | 109/10868 മുതൽ 10898 വരെ | 73088 |
| 03 | 06.02.2019 | 106/10523 മുതൽ 10541 വരെ | 10454 |
| 04 | 15.02.2019 | 106/10543 മുതൽ 10544 വരെ | 1405 |
| 05 | 19.02.2019 | 106/10545മുതൽ 10583 വരെ | 216183 |
| 06 | 14.02.2019 | 106/10542 | 660 |
| 07 | 05.02.2019 | 121/12095 മുതൽ 12100 വരെ<br>106/10501 മുതൽ 10522 വരെ | 27955 |
| 08 | 18.03.2019 | 109/10899 മുതൽ 108900 വരെ<br>116/11501 മുതൽ 11508 വരെ | 9348 |
| 09 | 28.03.2019 | 116/11509 മുതൽ 11521 വരെ | 4216 |

8. 2018-19 കാലയളവിലെ ഡേ ബുക്കുകൾ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല.

9. 03.10.2018ലെ ഫ്രണ്ട് ഓഫീസ് കളക്ഷൻ 76335/- രൂപ അടവാക്കിയതിൽ 300/- രൂപയുടെ കുറവ് വന്നതായി കാണുന്നു. ഫയൽ നമ്പർ എ4/3915/19 തീയതി 06.04.19ലെ പേജ് 41ൽ ആയത് രേഖപെടുത്തിയിട്ടില്ല.

രശീതി കൈകാര്യം ചെയ്യുന്നതിലെ അശ്രദ്ധ സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിയൊരുക്കുമെന്നതിനാൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതും രശീതികൾ മുഖേന പിരിച്ചെടുക്കുന്ന തുകകൾ യഥാസമയം ഫണ്ടിൽ ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തേണ്ടതുമാണ്.

## 1-14 വാടകകുടിശ്ശിക ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചില്ല

കെട്ടിട വാടകയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ വാടക കുടിശ്ശിക വരുത്തിയവരിൽ നിന്നും വാടക ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചു കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. രാമനാട്ടുകര മുൻസിപ്പാലിറ്റിയിലെ 01/317 എ5 നമ്പർ കെട്ടിടം വാടകയ്ക്ക് എടുത്ത ശ്രീ.ശ്രീജിത്ത്.സി.പി s/o ശ്രീധരൻ, തനയ നിവാസ്, ചാത്തംപറമ്പ്, ഫാറൂഖ് കോളേജ് പി.ഒ എന്ന വ്യക്തിക്ക് 2014 ഒക്ടോബർ മുതൽ 2018 ജനുവരി വരെയുള്ള വാടക കുടിശ്ശിക, പിഴപ്പലിശ സഹിതം ആകെ 1,59,984/-രൂപ അടവാക്കുന്നതിനായി 30.01.2018ന് എ2/5587/19 നമ്പർ നോട്ടീസ് നല്കിയതായി കാണുന്നു. ആയതിൻ്റെ തുടർ നടപടിയായി റവന്യു റെക്കവറി നടപടികൾക്കായി 23.05.2018ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മൂന്നാം നമ്പർ തീരുമാന പ്രകാരം റെവന്യൂ ഇൻസ്പെക്ടറെ ചുമതലപെടുത്തി. ശ്രീ.ശ്രീജിത്ത്.സി.പി 24.05.2018ന് വാടക കുടിശ്ശിക സംബന്ധിച്ച വിഷയം ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദാലത്തിലേക്ക് അപേക്ഷ സമർപ്പിച്ച വിവരം അറിയിച്ചുകൊണ്ട് എ2/4828/18 നമ്പർ തപാൽ പ്രകാരം സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജറുടെ 31.05.2018ലെ എം2/2890/18 നമ്പർ തപാൽ പ്രകാരം ശ്രീ.ശ്രീജിത്ത്.സി.പി ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദാലത്തിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്. 25.06.2018ലെ കൗൺസിൽ തീരുമാന പ്രകാരം(എട്ടാംനമ്പർ) അദാലത്ത് തീരുമാനം ലഭ്യമാകുന്നതുവരെ നിയമ നടപടികൾ നിർത്തി വെക്കുന്നതിന് തീരുമാനിച്ചു. 06.11.2018ന് എ2/5589/16 നമ്പറായി ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേക്ക് മേൽ വിഷയം റിപ്പോർട്ട് ചെയ്തു കൊണ്ടുള്ള കത്ത് നൽകിയതായി ഫയലിൽ കാണുന്നുണ്ടെങ്കിലും കാര്യാലയ പകർപ്പിൽ ഡെസ്പാച്ച് ചെയ്ത സീലോ തീയ്യതിയോ രേഖപെടുത്തിയിട്ടില്ല. അദാലത്തിലെ തുടർ നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.
2. രാമനാട്ടുകര മുൻസിപാലിറ്റിയിലെ 5/359 നമ്പർ കെട്ടിടം വാടകയ്ക്ക് എടുത്ത ശ്രീ.സൈതലവി മരണപ്പെടുകയും കെട്ടിട മുറിയുടെ ഉടമസ്ഥത സംബന്ധിച്ച് ബഹു.കോഴിക്കോട് മുൻസിഫ് കോടതിയിൽ ഒ.എസ്.607/2017 നമ്പർ കേസ് നിലവിലുണ്ട്. മേൽ സാഹചര്യത്തിൽ 5/359 മുറി നഗരസഭ ഏറ്റെടുത്ത് പുനർലേലം ചെയ്യുന്നത് സംബന്ധിച്ച് നിയമോപദേശം ലഭിക്കുന്നതിനായി അഡ്വ.വാഴയിൽ സതീശന് 25.05.2019ന് കത്ത് നൽകിയതായി കാണുന്നു. എന്നാൽ നിയമോപദേശം ലഭിച്ചതിന്റെയോ മറ്റ് തുടർ നടപടികൾ സ്വീകരിച്ചതിൻ്റെയോ വാടക കുടിശ്ശിക ഒടുക്കിയതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
3. വാടക കുടിശ്ശിക വരുത്തിയ 1/317എ3, എ4, എ2/5589/18 എന്നീ കെട്ടിടങ്ങൾ ഒഴിപ്പിക്കുന്നതിനായി 1994ലെ കേരള മുൻസിപ്പൽ ആക്ട് 215(8) പ്രകാരം ഒഴിപ്പിക്കൽ നോട്ടീസ് നൽകിയിരുന്നു. തുടർ നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിന് 28.11.2019ന് റവന്യു ഇൻസ്പെക്ടർക്ക് നിർദ്ദേശം നല്കിയതിൻ്റെ അടിസ്ഥാനത്തിൽ ആർ.ഐ മേൽ നമ്പർ കെട്ടിടത്തിൽ ചെന്നെന്നും പി.രവീന്ദ്രൻ എന്നവരെ കാണാൻ കഴിഞ്ഞിട്ടില്ല എന്നും ഫോൺ മുഖേന ബന്ധപെട്ടതിൻ്റെ അടിസ്ഥാനത്തിൽ പണം അടവാക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും ഫയലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വാടക കുടിശ്ശിക 8/18 മുതൽ 11/19വരെ 91415/- രൂപ ഒടുക്കാനുണ്ട്. എന്നാൽ അതിനു ശേഷം തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.
4. 5/384 കെട്ടിടത്തിൻ്റെ ലൈസൻസിയായ ശ്രീ. പി.പി.കൊറ്റികുട്ടി എന്ന വ്യക്തിക്ക് 30.11.2019ന് വാടക കുടിശ്ശിക 6/19മുതൽ 11/19വരെ 23,063/- രൂപ ഈടാക്കുന്നതിനായി എ2/5589/18നമ്പർ നോട്ടീസ് നൽകിയതിൻ്റെ അടിസ്ഥാനത്തിൽ ഓഫീസിൽ വന്ന് കുടിശ്ശിക അടവാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ കടിശ്ശിക പൂർണ്ണമായും അടവാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് മറുപടി ആവശ്യപെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.13 / 18-19ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകകുടിശ്ശിക അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു

1. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതിൻെറ വിശദാംശങ്ങൾ താഴെ പട്ടികയിൽ നൽകുന്നു.

| സ്ഥാപനം | ജീവനക്കാരൻെറ പേര് | അർദ്ധ വർഷ വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | നഷ്ടം |
|---|---|---|---|---|
| ഫാറൂഖ് കോളേജ് | റിയാസ്.കെ (ഒ.എ) | 128775 (Iഅർദ്ധവർഷം) | 1000 | 250 |
| ഫാറൂഖ് കോളേജ് | നസീർ.കെ (ഒ.എ) | 128775 (Iഅർദ്ധവർഷം) | 1000 | 250 |
| ഫാറൂഖ് കോളേജ് | നികേത്.പി (ഒ.എ) | 128775 (Iഅർദ്ധവർഷം) | 1000 | 250 |
| SBI ലൈഫ് ഇൻഷ്യൂറൻസ് | വിൽബിൻ ജോൺ | 196796 (Iഅർദ്ധവർഷം)<br>2,30,000(IIഅർദ്ധവർഷം) | 1000<br>1000 | 250<br>250 |
| ആകെ | | | | 1250 |

2. തൊഴിൽനികുതി റിട്ടേൺ സമർപ്പിച്ച സ്ഥാപന മേധാവിയുടെ നികുതി ഈടാക്കിയില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | സ്ഥാപനത്തിൻെറ പേര് | സ്ഥാപന മേധാവിയുടെ പേര് |
|---|---|---|
| 01 | മുബാറക്ക് ജ്വല്ലറി | കെ.സി.മുഹമ്മദ് റഷീദ് |
| 02 | ശബരി ഇന്ത്യൻ സർവ്വീസസ് | വിശ്വംഭരൻ.പി.സി |
| 03 | ദുബായ് ഗോൾഡ് & ഡയമണ്ട്സ് | മുനീർ.കെ.പി, അബ്ദുൾ അസീസ് |
| 04 | സെൻട്രൽ റെസ്റ്റോറൻെറ് | ഷിഹാബുദ്ദീൻ |
| 05 | ശ്രീ ഷൺമുഖഹോളോബ്രിക്സ് | എം.മോഹൻദാസ് |
| 06 | എൽ.എെ.സി,രാമനാട്ടുകര ബ്രാഞ്ച് | പി.ആർ.മോഹനൻ ബ്രാഞ്ച്മാനേജർ |
| 07 | ഹോട്ടൽ മലബാർ | ഷറഫുദ്ദീൻ.എ.പി, ബിച്ചികോയഹാജി |
| 08 | ബ്ലൂചിപ്പ്കോപ്പറേറ്റീവ്ഇൻവെസ്റ്റ്മന്റ് | നിമിഷ.കെ |
| 09 | കെ.പി കണ്ടായി സൺസ് | കെ.പി.ദൻരാജ് |
| 10 | ക്രാഫ്റ്റ് ഇന്ത്യ ഫൂട്ട് വെയർ | പി.ഹൈദ്രിസ് |
| 11 | വെൽക്കം പോളിമേർസ് | സത്യനാഥൻ.എൻ |
| 12 | നളന്ദ ഹോസ്പിറ്റൽ | ഡോ.മുരളി.പി.കെ |
| 13 | കംഫേർട്ട് പോളിമേർസ് | ഖമറുന്നീസ |
| 14 | എ-വൺ ഓഫ് സെറ്റ് പ്രിന്റേഴ്സ് | റോഷിൽദാസ്.എം.പി |

3. രാമനാട്ടുകര മുൻസിപാലിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ അടവാക്കിയിട്ടില്ല.

4. രാമനാട്ടുകര ജിയു.പി.സ്ക്കൂൾ 27.02.2019ന് സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണിൽ ക്രമ നമ്പർ 17, 18 എന്നിവയിലെ ശ്രീ.നൌഷാദ്.കെ.പി, സതീഷൻ പുതിയേടത്ത് എന്നീ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയതായി കാണുന്നില്ല.

5. കെ.പി കണ്ടായി സൺസ് എന്ന സ്ഥാപനം ഒന്നാം അർദ്ധ വർഷത്തെ റിട്ടേൺ പ്രകാരം 10 ജീവനക്കാരിൽ നിന്നും 600/- രൂപ വീതം അടവാക്കിയിട്ടുണ്ട് എന്നാൽ സമർപ്പിച്ച റിട്ടേണിൽ ആകെ തൊഴിൽ നികുതി കോളം മാത്രമാണ് രേഖപെടുത്തിയത്. അടിസ്ഥാന ശമ്പളം, മറ്റ് അലവൻസുകൾ, ഉത്സവബത്ത, ബോണസ് എന്നിവ പ്രത്യേകം രേഖപെടുത്തിയിട്ടില്ല. തന്മൂലം അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായാണോ നികുതി ഈടാക്കിയതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. 22.02.2019ലെ എ2/2142/19 നമ്പർ എ-വൺ ഓഫ് സെറ്റ് പ്രിന്റേഴ്സിൻെറ ഉടമ റോഷിൽദാസ്.എം.പി സമർപ്പിച്ച അപേക്ഷയിൽ രണ്ടാം അർദ്ധ വർഷത്തെ റിട്ടേണിൽ 10,500/-രൂപ അധികമായി അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ തപാലിൽ തുടർ നടപടികൾ എടുത്തതായി കാണുന്നില്ല.

7. മുൻസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ, അഭിഭാഷകർ, കോൺട്രാക്ടർമാർ, ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ 20.02.2020ലെ 12 ാംനമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതും മേൽ പ്രകാരമുള്ള സ്ഥാപന ഉടമകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

## 1-16 വിവിധയിടങ്ങളിലെ കുഴൽ കിണർ നിർമ്മാണം - ബാക്കി തുക തിരികെ അടവാക്കിയില്ല

2018-19 വർഷത്തിൽ നഗരസഭയുടെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി വിവിധയിടങ്ങളിൽ കുഴൽകിണർ നിർമ്മാണം നടത്തിയിട്ടുണ്ട്. ഭൂജല വകുപ്പിന് തുക കൈമാറി അവർ മുഖാന്തിരമാണ് നിർമ്മാണങ്ങൾ നടത്തിയത്. ഇവയുടെ നിർമ്മാണം പൂർത്തീകരിച്ച് ബാക്കി തുക ഭൂജല വകുപ്പ് നഗരസഭയ്ക്ക് തിരികെ നൽകിയിട്ടുണ്ട്. അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തുക കൈമാറിയതിൽ ബാക്കി തുക അസി.എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി അക്കൌണ്ടിലാണ്(അക്കൌ.നം.79901400004518) നിക്ഷേപിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

<table>
<tr><th>ക്രമ നം</th><th>പ്രോജക്ട് പേര്/നമ്പർ</th><th>അടങ്കൽ/ ഫണ്ടിനം</th><th>കൈമാറിയ തുക</th><th>വിനിയോഗിച്ച തുക</th><th>ബാക്കി</th></tr>
<tr><td>1</td><td>മൃഗാശുപത്രിയിൽ കുഴൽ കിണർ, പ്രോ.നം.94/19</td><td>40000/-രൂപ<br>സംരക്ഷണഗ്രാന്റ് റോഡിതരം</td><td>38780</td><td rowspan="2">53665</td><td rowspan="2">11675</td></tr>
<tr><td>2</td><td>ജി.യു.പി.സ്കൂളിൽ കുഴൽ കിണർ, പ്രോ.നം.95/19</td><td>75000/-രൂപ<br>സംരക്ഷണഗ്രാന്റ് റോഡിതരം</td><td>26560</td></tr>
<tr><td>3</td><td>ചുള്ളിപറമ്പ്/ മേലേവാരം അംഗൻവാടികളിൽ കുഴൽ കിണർ, പ്രോ.183/19</td><td>84000/-രൂപ<br>സംരക്ഷണഗ്രാന്റ് റോഡിതരം</td><td>83410</td><td>62760</td><td>20650</td></tr>
<tr><td>4</td><td>ചിറക്കാംകുന്ന് എസ്.സി.കോളനി കുഴൽ കിണർ നിർമ്മാണം, പ്രോ.218/19</td><td>60000/-രൂപ<br>വികസനഫണ്ട് എസ്.സി.പി.</td><td>54850</td><td>54323</td><td>527</td></tr>
<tr><td>5</td><td>ചാത്തംപറമ്പ് ഹരിജൻ കേളനി കുഴൽകിണർ, പ്രോ.219/19</td><td>68500/-രൂപ<br>വികസനഫണ്ട് എസ്.സി.പി.</td><td>38780</td><td>1706</td><td>37074<br>വെള്ളം കിട്ടിയില്ല.</td></tr>
<tr><td colspan="5">ആകെ ബാക്കി തുക</td><td>69926</td></tr>
</table>

മേൽ രീതിയിൽ തിരികെ ലഭിച്ച തുക സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചടവാക്കേണ്ടതാണ്. ക്രമ നമ്പർ ഒന്നു മുതൽ നാലു വരെയുള്ള കിണറുകൾ ഉപയോഗപ്രദമാക്കിയതിന്റെ വിശദാംശവും, ചാത്തംപറമ്പ് ഹരിജൻ കോളനിയിൽ വെള്ളം കിട്ടാത്തതിനാൽ ഇവിടെ ജലലഭ്യതയ്ക്കായി സ്വീകരിച്ച നടപടിയുടെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-17 റോഡ് റീഫോർമേഷൻ ചാർജ്ജ് - സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ആവശ്യപ്പെട്ടില്ല- നഗരസഭയ്ക്ക് കോടികളുടെ നഷ്ടം

കേരള ജല വിതരണ അതോറിറ്റി നടപ്പാക്കുന്ന ചീക്കോട് കുടിവെള്ള പദ്ധതിയുടെ പൈപ്പിടൽ പ്രവൃത്തിയ്ക്കായി നഗരസഭാ പരിധിയിലെ ഭൂരിഭാഗം റോഡുകളും കുഴിച്ച് പ്രവൃത്തി നടത്തിയിരുന്നു. 2017-18 വർഷം മുതലുള്ള നഗരസഭയുടെ വാർഷിക പദ്ധതികളിലെ റോഡു പ്രവർത്തികളിൽ 90% ഉം ഇത്തരത്തിൽ പൈപ്പിടലിനായി കുഴിച്ച റോഡുകളുടെ റീഫോർമേഷനും, പാച്ച് വർക്കുമാണെന്ന് കാണാം. എന്നാൽ റോഡുകൾ കുഴിച്ചയിനത്തിൽ, ഇവയുടെ റീഫോർമേഷനായി ജല വിതരണ അതോറിറ്റിയിൽ നിന്നും റീഫോർമേഷനുള്ള തുക ആവശ്യപ്പെട്ടത് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്കിലല്ലാത്തതിനാൽ നഗരസഭയ്ക്ക് കോടികളുടെ നഷ്ടമാണുണ്ടായത്.

പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.5.2018 ലെ നം.സി.ഇ./ആർ ആന്റ് ബി/ജി.എൽ.-ആർ.സി./1/2018 സർക്കുലർ പ്രകാരം വിവിധയിനത്തിലുള്ള റോഡുകളിലെ റീഫോർമേഷനുള്ള നിരക്ക് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു പ്രകാരം ബിറ്റുമിനസ് റോഡിന്റെ നിരക്ക് 5396.29/$m^2$ രൂപയാണ്. റീസ്റ്റൊറേഷൻ നടത്തുന്ന ട്രഞ്ചിന്റെ വീതി യഥാർത്ഥത്തിൽ കുഴിക്കുന്ന ട്രഞ്ചിന്റെ 1.5 മടങ്ങായിരിക്കണമെന്നും, ബിറ്റുമിനസ് റോഡിന്റെ കാര്യത്തിൽ ട്രഞ്ചിന്റെ ഏറ്റവും കുറഞ്ഞ വീതി ഒരു മീറ്ററായിരിക്കണമെന്നും നിർഷ്കർഷിക്കുന്നു.

5.3.2018 ന് നഗരസഭാ സെക്രട്ടറി ജല വിതരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ എ1/6392/18 നമ്പർ കത്ത് പ്രകാരം നഗരസഭാ പരിധിയിലെ 63 റോഡുകളുടെ റീഫോർമേഷനായി നഗരസഭ ആവശ്യപ്പെട്ടത് ഒരു ചതുരശ്ര മീറ്ററിന് ശരാശരി 830/- രൂപ നിരക്കിലാണ്. ഈ 63 റോഡുകളും ബിറ്റുമിനസ് ആണെന്നിരിക്കെ ഇവയിൽ നടത്തിയ ട്രഞ്ചിന്റെ റീഫോർമേഷന് വീതി കണക്കാക്കിയിരിക്കുന്നത് 90 സെ.മീറ്ററാണ്. ഇത്തരത്തിൽ ആവശ്യപ്പെട്ട 2,70,11,000/- രൂപ 22.8.2019 ന് നഗരസഭയ്ക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ ആവശ്യപ്പെടാവുന്ന തുകയുടെ ആറിലൊന്നു നിരക്ക് മാത്രം ജല വിതരണ വകുപ്പിൽ നിന്നും ആവശ്യപ്പെടാനുണ്ടായ കാരണം വ്യക്തമല്ല. കുറഞ്ഞ നിരക്കിൽ തുക ആവശ്യപ്പെട്ടതും, ട്രഞ്ചിന്റെ വീതി കുറഞ്ഞത് ഒരു മീറ്റർ കണക്കാക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.4/18-19/24.2.2020), മുനിസിപ്പൽ എഞ്ചിനീയർ നൽകിയ മറുപടി ഇപ്രകാരമാണ്, റീഫോർമേഷൻ ചാർജ്ജിനത്തിൽ 783.546 ലക്ഷം രൂപ അടവാക്കുവാൻ ആവശ്യപ്പെട്ട് കെ.ഡബ്ല്യൂ.എ. മലപ്പുറം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നെന്നും, എന്നാൽ ഈ പദ്ധതി പ്രകാരം റീസ്റ്റൊറേഷൻ ഇനത്തിൽ 2,70,11,000/- രൂപയാണ് പ്രസ്തുത വകുപ്പിൽ വകയിരുത്തിയിരിക്കുന്നതെന്നും, ഈ തുക നഗരസഭയിൽ ഒടുക്കണമെങ്കിൽ ആയതിന് ആനുപാതികമായിട്ടുള്ള എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിക്കണമെന്നും, അതുകൊണ്ട് പ്രസ്തുത തുകയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പുതിയ തുകയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയതെന്നുമാണ്.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ നടത്തുന്ന പ്രവർത്തികൾക്ക് സർക്കാർ നിരക്കിൽ റീഫോർമേഷൻ തുക നൽകാൻ വാട്ടർ അതോറിറ്റി ബാധ്യസ്ഥമാണെന്നിരിക്കെ, പ്രസ്തുത തുക മുഴുവനായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതിനു പകരം, ലഭ്യമായ തുക മാത്രം ഈടാക്കിയതു മൂലം കോടികളുടെ നഷ്ടമാണ് നഗരസഭയ്ക്കുണ്ടായിരിക്കുന്നത്. ഇത്തരത്തിൽ കുഴിയെടുത്തു പോയ റോഡുകൾ പുന:സ്ഥാപിക്കുന്നയിനത്തിൽ നഗരസഭയ്ക്ക് കോടികളുടെ ബാധ്യത ഏറ്റെടുക്കേണ്ടി വരും. അർഹമായ തുക ലഭ്യമാക്കാൻ സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്തുന്നത് നഗരസഭയുടെ സാമ്പത്തിക ഭദ്രതയ്ക്ക് ഉത്തമമായിരിക്കും. ഈ വിഷയത്തിൽ കൌൺസിൽ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 ഒരേ റോഡിന് ഒരു വർഷത്തിൽ ഒന്നിലധികം പദ്ധതികൾ

കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയ്ക്കായി കുഴിയെടുത്ത നഗരസഭ പരിധിയിലെ പാറമ്മൽ റോഡിന്റെ റീഫോർമേഷനും, പാച്ച് വർക്കിനുമായി 2018-19 വർഷത്തിൽ ഒരു സ്പിൽ ഓവർ പദ്ധതിയുൾപ്പെടെ മൂന്നു പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് പേര്, നമ്പർ | അടങ്കൽ തുക/ ഫണ്ടിനം | ചെലവ് തുക/ ബിൽ നം. | കരാറുകാരൻ |
|---|---|---|---|---|
| 1 | പാറമ്മൽ റോഡ് റീഫോർമേഷൻ ആന്റ് റീടാറിംഗ് (164/19) | 9,50,000/-രൂപ<br>സംരക്ഷണഗ്രാന്റ് റോഡിതരം | 948757/-രൂപ<br>26/18-19/21.3.19 | എസ്.കെ. കൺസ്ട്രക്ഷൻ കമ്പനി |
| 2 | പാറമ്മൽ റോഡ് റീഫോർമേഷൻ ആന്റ് റീടാറിംഗ് (214/19) | 450000/-രൂപ<br>400000/-രൂപ സംരക്ഷണഗ്രാന്റ് റോഡിതരം<br>50000/-രൂപ തനതു ഫണ്ട് | 400000/-രൂപ<br>33/18-19/21.3.19<br>49567/-രൂപ<br>ചെക്ക് നം. 1108952/28.3.19 | -ടി- |
| 3 | പാറമ്മൽ റോഡ് റീഫോർമേഷൻ ആന്റ് റീടാറിംഗ് (116/19) | 500000/-രൂപ<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 499828/-രൂപ<br>29/18-19/21.3.19 | -ടി- |

മുകളിൽ വിവരിച്ചതിൽ ക്രമ നമ്പർ ഒന്ന് പ്രകാരമുള്ള പദ്ധതി സ്പിൽ ഓവർ പ്രവൃത്തിയാണ്. ഈ പ്രവൃത്തി ഇ-ടെണ്ടർ നടത്തി പട്ടികയിൽ ചേർത്തിട്ടുള്ള കമ്പനിയ്ക്ക് അനുവദിക്കുകയും, 28.3.2019 ന് എഗ്രിമെന്റ് ചമക്കുകയും ചെയ്തു. 2018-19 ൽ വിഭാവനം ചെയ്ത മറ്റു രണ്ടു പദ്ധതികളും ഇതേ കമ്പനി നൽകിയ ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ ഇവർക്ക് നൽകുകയും, 18.1.2019 ന് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. പിന്നീട് ഒരേ സമയമാണ് മൂന്നു പ്രവർത്തികളും ആരംഭിക്കുന്നതും, പൂർത്തീകരിക്കുന്നതും. സ്പിൽഓവർ പദ്ധതിയായ ആദ്യ പ്രവൃത്തി എഗ്രിമെന്റ് വച്ച് പത്തുമാസം വൈകി മാത്രമാണ് നടപ്പാക്കുന്നത്. സ്പിൽ ഓവർ പ്രവൃത്തികൾക്ക് ഡി.പി.സി. അംഗീകാരം പ്രത്യേകം ലഭ്യമാക്കേണ്ടതില്ലയെന്നിരിക്കെ, നിർവ്വഹണത്തിൽ ഇത്രയും കാലതാമസം ഉണ്ടാകാനുണ്ടായ സാഹചര്യം വ്യക്തമല്ല.

മേൽ മൂന്നു പ്രവർത്തികളുടേയും എസ്റ്റിമേറ്റ് പുതുക്കിയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. പുതുക്കിയ എല്ലാ എസ്റ്റിമേറ്റിന്റെ റിപ്പോർട്ടിലും വിവരിച്ചിരിക്കുന്നത്, കുടിവെള്ള പൈപ്പിനായി കുഴിയെടുത്തതിൽ പലയിടങ്ങളിലും റോഡ് പൂർണ്ണമായി നശിച്ചിട്ടുണ്ടെന്നും, ആയതിനാൽ എസ്റ്റിമേറ്റ് പുതുക്കി നടപ്പാക്കുന്നുവെന്നുമാണ്. നഗരസഭ കെട്ടിടത്തിന്റെ മുന്നിലൂടെ കടന്നു പോകുന്ന മേൽ റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയം, യഥാർത്ഥ ആവശ്യകത കണക്കാക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതാണ് ഇത്തരത്തിൽ എസ്റ്റിമേറ്റ് പുതുക്കുന്നതിന് കാരണമായത്. ഓഫീസ് കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ എസ്റ്റിമേറ്റ് പോലും ശരിയായ രീതി തയ്യാറാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

നിലവിൽ ഈ റോഡ് പരിശോധിച്ചാൽ, പൈപ്പിനായി കുഴിച്ച ഭൂരിഭാഗം ദൂരവും, റോഡ് ലെവലിൽ നിന്നും താഴ്ന്ന രീതിയിലാണ് റോഡുള്ളത്. പ്രവൃത്തി നടപ്പാക്കി ഒരു വർഷം മാത്രം പിന്നിടുമ്പോൾ ഇത്തരത്തിൽ റോഡിൽ തകരാറു വന്നത് പ്രവൃത്തിയുടെ ഗുണനിലവാരമില്ലായ്മയാണ് കാണിക്കുന്നത്.

ഒരു വർഷത്തിൽ തന്നെ ഒരു റോഡിനായി രണ്ടു പദ്ധതികൾ തയ്യാറാക്കാനുണ്ടായ സാഹചര്യവും, മറ്റു അപാകതകളും വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 26/18-19/27.2.2020) കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കാനുണ്ടായ കാലതാമസമാണ് സ്പിൽഓവർ പ്രവൃത്തി

വൈകാനുണ്ടായ കാരണമെന്നും, തുടർന്ന് വന്ന കാലവർഷക്കെടുതി മൂലം റോഡ് പൂർണ്ണമായും തകർന്നതിനാൽ എസ്റ്റിമേറ്റ് പുതിക്കി നിർവ്വഹണം നടത്തേണ്ടി വന്നുവെന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ മറുപടിയിൽ ഒരേ വർഷത്തിൽ ഒരു റോഡിന് രണ്ടു പദ്ധതികൾ വിഭാവനം ചെയ്യാനുണ്ടായ സാഹചര്യവും, റോഡിന്റെ നിലവിലെ ശോചനീയാവസ്ഥയെ കുറിച്ചും വിശദീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ ശരിയായി പാലിച്ചു മാത്രം പദ്ധതികൾ നടപ്പാക്കേണ്ടതും, റോഡിന്റെ തകർന്ന ഭാഗങ്ങൾ കരാറുകാരന്റെ ചെലവിൽ നന്നാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 അഗതി ആശ്രയപദ്ധതി :ലക്ഷ്യം കൈവരിക്കുന്നതിൽ വീഴ്ച

നഗരസഭയിൽ ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം (2014-17) 46 കുടുംബങ്ങളിലെ 109 ഗുണഭോക്താക്കൾക്കായി നടപ്പാക്കുന്നതിന് അംഗീകാരം വാങ്ങുകയുണ്ടായി. ഈ പദ്ധതിയിൻ കീഴിൽ വിവിധ സേവന പാക്കേജായ ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം, ഭൂമി, വീട് എന്നിവയ്ക്കായി തദ്ദേശ ഭരണ സ്ഥാപന വിഹിതമായി 34.66 ലക്ഷം രൂപ അനുവദിക്കുന്നതിന് പ്രൊജക്ട് ലക്ഷ്യമിട്ടിരുന്നു. എന്നാൽ 2017-18, 2018-19 വർഷങ്ങളിൽ പദ്ധതിക്കായി വകയിരുത്തിയ 6 ലക്ഷം രൂപയിൽ 5 ലക്ഷം രൂപ മാത്രമാണ് ആശ്രയ പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ളത്.

2017-18 വർഷം അനുവദിച്ച 300000/-രൂപയിൽ 83990/-രൂപ ഗുണഭോക്താക്കളുടെ ഭക്ഷണം, ചികിത്സ എന്നിവക്കായി സി.ഡി.എസ്. അക്കൗണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

ആശ്രയ അഗതി കുടുംബങ്ങളുടെ ജീവിത സാഹചര്യവും ആരോഗ്യവും മെച്ചപ്പെടുത്തുന്നതിന് ഭക്ഷ്യ വിതരണം, മരുന്നു വിതരണം എന്നിവയ്ക്കായി ഓഡിറ്റു വർഷം 1,00,000/-രൂപ വികസന ഫണ്ടിൽ നിന്നും, 1,00,000/-രൂപ തനതു ഫണ്ടിൽ നിന്നും കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടിലേക്ക്(അക്കൗണ്ട് നം. 30016693211) അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ട അഗതി ആശ്രയ പട്ടിക പ്രകാരവും തുടർ സേവന പ്രൊജക്ട് പ്രകാരവും നഗരസഭയിൽ 69 കുടുംബങ്ങളാണുള്ളത്. ആശ്രയ കുടുംബങ്ങൾക്ക് ഭക്ഷണ വിതരണത്തിനും മരുന്നിനുമായി ചുവടെ ചേർത്ത പ്രകാരം ഓഡിററു വർഷം സി.ഡി.എസ് അക്കൗണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | ചെലവഴിച്ച തുക | ചെക്ക് നം./തീയതി |
|---|---|---|
| ഭക്ഷണം (3/18 – 9/18) | 60616 | 339257/22.10.2018 |
| ഭക്ഷണം(10/18-3/19) | 46181 | 339262/22.3.2019 |
| മരുന്ന് (5/18 – 9/18) | 3347 | 339259/22.10.2018 |
| മരുന്ന് (10/18-2/19) | 3687 | 339264/22.3.2019 |
| കൺവേയൻസ് | 3000 | 339261/22.3.2019 |
| കൺവേയൻസ് | 1760 | 339266/28.3.2019 |
| ആകെ | 118591 | |

ആശ്രയ രണ്ടാംഘട്ട പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിശകലനം ചുവടെ ചേർക്കുന്നു.

| സേവന പാക്കേജ് | സേവനം ആവശ്യമുള്ള കുടുംബങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം | സേവനം ലഭിച്ചവർ | ലഭിക്കാത്തവർ |
|---|---|---|---|---|
| ഭക്ഷണം | 46 | 109 | 109 | - |
| ചികിത്സ | 46 | 72 | - | 72 |
| വിദ്യാഭ്യാസം | 12 | 20 | - | 20 |
| വീട് | 13 | 39 | - | 13 |
| ഭൂമി | 2 | 2 | - | 2 |

രണ്ടാം ഘട്ട ആശ്രയ പദ്ധതിയിൽ നൽകേണ്ട തുടർ സേവനങ്ങളിൽ 109 ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകിയതൊഴിച്ചാൽ മറ്റു സേവന പാക്കേജുകളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല. ചികിത്സാ സഹായം ആവശ്യമുള്ള 72 ഗുണഭോക്താക്കളിൽ ആർക്കും തന്നെ ചികിത്സാ സഹായം അനുവദിച്ചിട്ടില്ല. വിദ്യാഭ്യാസം, വീട്, ഭൂമി എന്നീ സേവന പാക്കേജുകൾ ആവശ്യമുള്ളവർ ഉണ്ടായിരുന്നിട്ടും ആർക്കും തന്നെ സേവനങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആശ്രയ പദ്ധതി രണ്ടാം ഘട്ടം പിന്നിട്ടിട്ടും ഭവനരഹിത/ഭൂരഹിതരായ അഗതികൾ ഇപ്പോഴും തൽസ്ഥിതി തുടരുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/18-19/25.2.2020) നൽകിയ മറുപടിയിൽ രാമനാട്ടുകര പി.എച്ച്.സി.യിൽ നിന്നും ചികിത്സക്കായി സൗജന്യ മരുന്നു ലഭ്യമാക്കുന്നതിനാൽ ആശ്രയ പദ്ധതിയിൽ കീഴിൽ ചികിത്സാ സഹായം നൽകുന്നില്ലെന്നും, വീടില്ലാത്തവർക്ക് പി.എം.എ.വൈ - ലൈഫ് പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. എന്നാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭിക്കുന്നുണ്ടെന്ന് അയൽക്കൂട്ടങ്ങൾ ഉറപ്പു വരുത്തി ക്കാണുന്നില്ല. എല്ലാ സേവന പാക്കേജുകളും പൂർണ്ണമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു കാണുന്നില്ല.

ആശ്രയ പദ്ധതി പുനർ നാമകരണം ചെയ്ത് ഒന്നാം ഘട്ടത്തിലെയും രണ്ടാം ഘട്ടത്തിലെയും കുടുംബങ്ങളെയും, പുതിയതായി കണ്ടെത്തിയ കുടുംബങ്ങളെയും ഉൾപ്പെടുത്തി 'അഗതി രഹിത കേരളം' എന്ന പേരിൽ 2018-19 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ നടപ്പാക്കുന്നതിനായി ലക്ഷ്യമിടുന്നു. നഗരസഭയിലെ 127 കുടുംബങ്ങളെ ഉൾപ്പെടുത്തി ഈ പദ്ധതിക്ക് അംഗീകാരം നേടിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്കായി 2019-20 വർഷം ഫണ്ട് വകയിരുത്തിയിട്ടില്ല. മുൻവർഷങ്ങളിൽ നൽകിയ 500000/-രൂപയിൽ ശേഷിച്ച 297419/-രൂപയിൽ നിന്നും (500000 – 83990+118591) 57970/-രൂപ 2019-20 ൽ (ഓഡിറ്റ് തീയതി വരെ) ചെലവഴിച്ചിട്ടുണ്ട്. ആശ്രയ ഫണ്ടിൽ 239449/-രൂപ വികസനഫണ്ട് ചെലവഴിക്കാതെ ഓഡിറ്റ് തീയതിയിൽ (25.2.2020 ) നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക ചെലവഴിക്കാത്ത പക്ഷം തിരികെ ഒടുക്കേണ്ടതാണ്.

പദ്ധതിക്ക് ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിലും വകയിരുത്തിയ ഫണ്ട് വിനിയോഗിച്ച് സേവനം ലഭ്യമാക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. ആശ്രയ ഒന്നും രണ്ടും ഘട്ടം പിന്നിട്ടിട്ടും അഗതികളുടെ എണ്ണത്തിൽ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. രണ്ടാം ഘട്ട അഗതി ആശ്രയ പട്ടിക പ്രകാരവും തുടർസേവന പ്രൊജക്ട് പ്രകാരവും നഗരസഭയിൽ 69 കുടുംബങ്ങളാണുണ്ടായിരുന്നത്. എന്നാൽ പുതുതായി അംഗീകാരം നേടിയ അഗതി രഹിത കേരളം പദ്ധതിയിൽ 127 കുടുംബങ്ങളുണ്ട്.


ആശ്രയ പദ്ധതി രണ്ടാം ഘട്ടം പിന്നിട്ടിട്ടും നഗരസഭയിലെ അശരണരും അഗതികളുമായ ജനവിഭാഗത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടത്ര പരിഗണന നൽകിയിട്ടില്ല. ആശ്രയ പദ്ധതി വിഭാവനം ചെയ്ത് നടപ്പാക്കുന്നുണ്ടെങ്കിലും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ വേണ്ടത്ര പുരോഗതിയുണ്ടായിട്ടില്ല. പദ്ധതി മോണിട്ടറിംഗിന്റെ ഭാഗമായി ഓരോ ആശ്രയ കുടുംബവും ഉൾപ്പെടുന്ന അയൽക്കൂട്ടം പ്രസ്തുത കുടുംബത്തിനായുള്ള പ്രൊജക്ട് ഘടകങ്ങളുടെ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. പ്രൊജക്ട് പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് അയൽക്കൂട്ടം സെക്രട്ടറി/ പ്രസിഡണ്ട് എ.ഡി.എസ്., സി.ഡി.എസ്. കമ്മിററികളിൽ വിവരം നൽകേണ്ടതാണ്. പദ്ധതിക്കായി ആവശ്യം വേണ്ട ഫണ്ട് വകയിരുത്തുന്നതിനും വകയിരുത്തിയ ഫണ്ട് അഗതികളുടെ സേവന പാക്കേജിനായി പരമാവധി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നഗരസഭ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-20 എം.ആർ.എഫ്. കെട്ടിടം- വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ
പ്രോജക്ട് പേര്, നമ്പർ : എം.ആർ.എഫ്. സ്ഥാപിക്കൽ (പ്രോ.നം. 126/19)
അടങ്കൽ : 26,00,000/- രൂപ
8,54,533/-രൂപ വികസനഫണ്ട് ജനറൽ
5,02,,437/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്
5,98,880/- കേന്ദ്രാവിഷ്കൃതഫണ്ട്
3,98,683/- സംസ്ഥാനാവിഷ്കൃതഫണ്ട്
2,45,467/- തനതുഫണ്ട്
ചെലവ് : 25,28,651/-

8,54,533/- ബിൽ നം.38/18-19/27.3.2019
5,02,,437/-ബിൽ നം.37/18-19/27.3.2019
4,87,951/- ചെക്ക് നം.043588/28.3.2019
3,98,683/- ചെക്ക് നം. 794352/27.8.2019
1,10,929/- ചെക്ക് നം. 000041/12.12.19
1,74,118/- വൌ.നം.5130004/30.8.19

നഗരസഭയിൽ എം.ആർ.എഫ്. കേന്ദ്രം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ടിലെ ഡ്രോയിംഗുകൾ പ്രകാരം താഴെ ചേർക്കുന്ന വിധത്തിലാണ് കെട്ടിടം വിഭാവനം ചെയ്തിരുന്നത്.




19.75മീറ്റർ നീളത്തിലും, 9 മീറ്റർ നീളത്തിലുമുള്ള ഈ കെട്ടിടത്തിൽ 2.5 മീറ്റർ നീളത്തിലുള്ള പത്തു ഇടഭിത്തികളുടെ നിർമ്മാണം ഉൾപ്പെടുത്തിയിരുന്നു (രണ്ടെണ്ണം ലാറ്ററൈറ്റ് ഉപയോഗിച്ചും, എട്ടെണ്ണം ഹോളോ ബ്ലോക്ക് ഉപയോഗിച്ചും). ലാറ്ററൈറ്റ് ചുമർ വരുന്നിടത്ത് കെട്ടിടത്തിന്റെ വീതിയിൽ 8.5 മീറ്റർ നീളത്തിലും, ഹോളോ ബ്ലോക്ക് നിർമ്മിതിയുള്ള എട്ടിടങ്ങളിൽ 2.3 മീറ്റർ നീളത്തിലും, 40cm ആഴത്തിൽ മണ്ണെടുത്ത്, 80cm ഉയരത്തിൽ ഡ്രൈ റബിൾ മേസന്റിയും, അതിനു മുകളിൽ 70cm ഉയരത്തിൽ റാന്ററം റബിൾ മേസന്റിയും ചെയ്തു. എന്നാൽ ഇവയ്ക്കുള്ള ഫൌണ്ടേഷൻ നിർമ്മിതിയ്ക്ക് ശേഷം മുകളിലേയ്ക്കുള്ള ചുമർ രണ്ടിടത്ത് മാത്രം ഹോളോബ്ലോക്ക് ഉപയോഗിച്ച് നടത്തി. ബാക്കിയിടങ്ങളിൽ ചുമർ നിർമ്മാണം നടത്തിയിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 25.2.2020 ന് നഗരസഭ സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോടും, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസിയറിനോടും കൂടി പ്രസ്തുത സ്ഥലം പരിശോധിച്ചു. മുകളിൽ വിവരിച്ച ഇടഭിത്തി കെട്ടിടത്തിന്റെ തുടക്കത്തിലുള്ള(തോടിന്റെ വശത്ത്) ഭാഗത്താണ് നിർമ്മിച്ചിരിക്കുന്നത്. ബാക്കി ഭാഗം വലിയ ഒരു ഹാൾ ആയിട്ടാണ് നിലനിൽക്കുന്നത്. കെട്ടിടത്തിനകത്ത് നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ തരം തിരിച്ച് ചാക്കുകളിൽ കെട്ടി വച്ചിരിക്കുന്നു. ഈ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് യാതൊരു സംവിധാനവും കെട്ടിടത്തിൽ ഒരുക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ആരാഞ്ഞതിന്, സന്ദർശന സമയം അവിടെയുണ്ടായിരുന്ന മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരൻ അറിയിച്ചത് ഈ കെട്ടിടത്തിൽ കളക്ഷൻ മാത്രമാണ് നടത്തുന്നതെന്നും, മാലിന്യങ്ങൾ കയറ്റിയയക്കാൻ ചാക്കുകളിലാക്കി സൂക്ഷിച്ചിരിക്കയാണെന്നുമാണ്.

മേൽ പ്രോജക്ട് പ്രകാരം മാലിന്യ സംസ്കരണ സെന്റർ(എം.ആർ.എഫ്) വിഭാവനം ചെയ്തിട്ട്, പിന്നീട് അത് കളക്ഷൻ സെന്ററായി(എം.സി.എഫ്) മാറ്റാനുണ്ടായ സാഹചര്യം വ്യക്തമല്ല. കരാറുകാരന് ആദ്യ എസ്റ്റിമേറ്റിനെ അടിസ്ഥാനപ്പെടുത്തി 2018-19 വ്രഷത്തിൽ 18,44,921/- രൂപ നൽകുകയും, പിന്നീട് നടത്തിയ നിർമ്മിതിയ്ക്കനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ബാക്കി തുക 2019-20 വർഷത്തിലും നൽകി. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടോ, എം.ആർ.എഫ്. കെട്ടിടം എം.സി.എഫ്. ആക്കി മാറ്റാനുണ്ടായ സാഹചര്യമോ ഫയലിൽ ലഭ്യമല്ല. വൻ തുകയ്ക്കുള്ള നിർമ്മാണത്തിനുള്ള ഫൌണ്ടേഷനായി പ്രവൃത്തി ചെയ്ത ശേഷം, വിഭാവനം ചെയ്തതിൽ നിന്നും വ്യത്യാസപ്പെടുത്തി നിർമ്മാണം നടത്തിയതു വഴി ഫൌണ്ടേഷനായി ചെലവഴിച്ച തുക അധിക ചെലവായിരിക്കയാണ്. വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി പദ്ധതി നിർവ്വഹണം നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( നമ്പർ 19/18-19) ലഭിച്ച മറുപടിയിൽ, "സംസ്ഥാന സർക്കാർ മാലിന്യ സംസ്കരണ സംരംഭങ്ങളിൽ ഉൾപ്പെടുത്തി കെ.എസ്.ഐ.ഡി.സി. മുഖേന കോഴിക്കോട് കോർപ്പറേഷനിലെ ഞെളിയൻ പറമ്പിൽ

സ്ഥാപിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റിൽ പങ്കാളിയാകുന്നതിന് നഗരസഭ കൌൺസിൽ 2.4.19 ലെ ഒന്നാം നമ്പർ തീരുമെടുത്തിരുന്നു. ആയത് പ്രകാരം മേൽ കെട്ടിടം കളക്ഷൻ സെന്ററായി മാറ്റുന്നതിന് തീരുമാനിച്ചു. അപ്രകാരമാണ് പ്രവൃത്തികൾ പൂർത്തീകരിച്ചത്" എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ തീരുമാനത്തിനു മുമ്പേ ഈ പദ്ധതി പൂർത്തീകരിക്കുകയും, ആദ്യ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. 2018-19 ൽ ആരംഭിച്ച പ്രവൃത്തി 2019-20 ലെ തീരുമാന പ്രകാരം മാറ്റം വരുത്തി എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. വിഭാവനം ചെയ്ത പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 അസി.എഞ്ചിനീയറുടെ പേരിൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ട് - വിശദാംശം ലഭ്യമല്ല

ഫറോക്ക് സബ് ട്രഷറിയിൽ രാമനാട്ടുകര അസി.എഞ്ചിനീയറുടെ പേരിൽ 799011400004518 എന്ന നമ്പറിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൌണ്ട് നിലനിൽക്കുന്നു. ഓഡിറ്റ് സമയം പ്രസ്തുത അക്കൌണ്ടിന്റെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ആവശ്യപ്പെട്ടപ്പോൾ 15.1.2019 മുതൽ 23.1.2020 വരെയുള്ള കാലയളവിലേത് മാത്രമാണ് ലഭ്യമായത്. ആയത് പ്രകാരം 15.1.2019 തിയ്യതിയിൽ 1,35,341/- മുന്നിരിപ്പും, 23.1.2020 ന് 1,48,751/- രൂപ നീക്കിയിരിപ്പുമുണ്ട്. നിലവിൽ തനതു ഫണ്ട് വിനിയോഗിച്ചുള്ള പൊതുമരാമത്ത് പ്രവർത്തികളുടെ ബിൽ നല്കുമ്പോൾ നഗരസഭ സെക്രട്ടറി അസി.എഞ്ചിനീയറുടെ പേരിൽ ട്രഷറി ചെക്ക് നൽകുകയും, ഈ തുക അസി.എഞ്ചിനീയർ ചെക്ക് മുഖേന ബന്ധപ്പെട്ട കരാറുകാർക്ക് നൽകുകയുമാണ് ചെയ്യുന്നത്. എന്നാൽ ലഭ്യമാക്കിയ കാലയളവിലെ എൻട്രികൾ പരിശോധിച്ചതിൽ, ഇത്തരത്തിൽ സെക്രട്ടറി നൽകിയ എല്ലാ ചെക്കുകളും പ്രസ്തുത അക്കൌണ്ടിൽ വന്നതായി കാണുന്നില്ല. ഉദാഹരണമായി, പ്രോജക്ട് നമ്പർ 214/19 പാറമ്മൽ റോഡ് റീഫോർമേഷൻ, 206/19 ചിറ്റംപറമ്പ് കോളനി റോഡ് ടാറിംഗ് എന്നീ പ്രവർത്തികൾക്കായി തനതു ഫണ്ടിൽ നിന്നും കരാറുകരന് നൽകാനുള്ള 94567/- രൂപയ്ക്കുള്ള (49567 +45000) ചെക്ക് 28.3.2019 ന് ചെക്ക് നം. 1108952 പ്രകാരം സെക്രട്ടറി നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക അസി.എഞ്ചിനീയറുടെ മേൽ അക്കൌണ്ടിൽ വന്നതായും, പ്രസ്തുത തുക കരാറുകാരന് നൽകിയതായും കാണുന്നില്ല. 2018-19 വ്രഷത്തിൽ എഞ്ചിനീയർ നടപ്പാക്കിയ വിവിധ കുഴൽ കിണർ നിർമ്മാണ പ്രോജക്ടുകൾക്കായി ഭൂജല വകുപ്പിന് നൽകിയ തുകയിൽ, ബാക്കി തുക തിരികെ ലഭിച്ചത് (69926/-രൂപ)ഈ അക്കൌണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. കൂടാതെ സെക്രട്ടറിയിൽ നിന്നും ലഭിക്കുന്ന തുകകൾ, എഞ്ചിനീയറുടെ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പിന്നീട് ചെക്ക് മുഖേന നൽകുമ്പോൾ ലഭിച്ച തുക മുഴുവനായി ഉൾപ്പെടുന്നില്ല(നികുതി തുകകൾ പിടിച്ചു വച്ച് കരാറുകാരന് നൽകുന്നതായിരിക്കാം). ഇത്തരത്തിൽ പിടിച്ചു വച്ചിട്ടുള്ള തുകയാണെങ്കിൽ ആയതും പിന്നീട് ബന്ധപ്പെട്ട സ്രോതസ്സുകളിലേയ്ക്ക് അടവാക്കിയിട്ടില്ല.

മേൽ രീതിയിൽ വിവരിച്ച അക്കൌണ്ട് തുടങ്ങുവാനുണ്ടായ സാഹചര്യവും, തനതുഫണ്ട് ചെലവുകൾ നടത്തുമ്പോൾ ആയത് കരാറുകാരന് നേരിട്ട് ട്രാൻസ്ഫർ ചെയ്യാതെ അസി.എഞ്ചിനീയർ മുഖേന നടത്തുന്നതിനുള്ള കാരണവും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ അക്കൌണ്ടിൽ സൂക്ഷിച്ച തുകകൾ ഏതൊക്കെയാണെന്ന് കണ്ടെത്തി ബന്ധപ്പെട്ട സ്രോതസ്സുകളിലേയ്ക്ക് തിരികെ അടവാക്കേണ്ടതും, ഈ അക്കൌണ്ട് ക്ലോസ് ചെയ്ത് അറിയിക്കേണ്ടതുമാണ്.

## 1-22 സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടുകളുടെ ഫയലുകളും രജിസ്റ്ററുകളും ഹാജരാക്കിയില്ല.

20.02.2020ലെ ഓഡിറ്റ് റിക്വിസിഷൻ പ്രകാരം രാമനാട്ടുകര മുനിസിപ്പാലിറ്റിയിൽ2018-19ൽ മുനിസിപ്പൽ സെക്രട്ടറി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ പ്രൊജക്ടുകൾ, ബന്ധപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ താഴെ കൊടുത്ത പ്രൊജക്ടുകൾ സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ചെലവുതുക | ഫണ്ടിനം |
|---|---|---|---|---|
| 1 | 1 | എസ്.എസ്.എ.വിഹിതം നൽകൽ | 820000 | വികസനഫണ്ട് (ജനറൽ) |
| 2 | 2 | എസ്.എസ്.എ. വിഹിതം നൽകൽ (എസ്.സി) | 180000 | വികസന ഫണ്ട് (s.c.p) |
| 3 | 3 | ലൈഫ് വിഹിതം<br>(PMAY) നഗരസഭാ വിഹിതം ജനറൽ | 3066000<br>134000 | വികസന ഫണ്ട് (ജനറൽ)<br>തനത്ഫണ്ട് |
| 4 | 4 | ലൈഫ് വിഹിതം(PMAY)<br>നഗരസഭാ വിഹിതം(എസ്.സി) | 1500000 | വികസന ഫണ്ട് (s.c.p) |
| 5 | 5 | എൈ.കെ.എം. വിഹിതം | 60000 | വികസനഫണ്ട് (ജനറൽ) |
| 6 | 6 | വയോമിത്രം | 500000 | വികസനഫണ്ട് (ജനറൽ) |
| 7 | 7 | പദ്ധതി നിർവ്വഹണവും മോണിറ്ററിംഗും | 229538 | തനത് ഫണ്ട് |
| 8 | 8 | ആയുർവേദാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 250000 | MG(NR) |
| 9 | 17 | തെരുവ് വിളക്ക് റിപ്പയർ സാധനങ്ങൾ വാങ്ങൽ | 237200 | ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| 10 | 68 | ഭവനപുനരുദ്ധാരണം (എസ്.സി) | 4205000 | വികസനഫണ്ട്. (s.c.p) |
| 11 | 72 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി | 330000 | വികസനഫണ്ട്(s.c.p) |
| 12 | 90 | എസ്.സി.വിവാഹ ധനസഹായം | 600000 | വികസനഫണ്ട്(s.c.p) |
| 13 | 111 | രാമനാട്ടുകര നഗരസഭ പുതിയ ഓഫീസ് കെട്ടിട നിർമ്മാണം -പ്രാരംഭ പ്രവർത്തനം | 786469 | തനത് ഫണ്ട് |
| 14 | 136 | ഭവന പുനരുദ്ധാരണം (ലൈഫ്) | 60000 | വികസനഫണ്ട് (ജനറൽ) |
| 15 | 137 | ഭവന പുനരുദ്ധാരണം | 25000 | വികസനഫണ്ട് (ജനറൽ) |
| 16 | 145 | വിവിധ റോഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 57251 | വികസനഫണ്ട് (s.c.p) |
| 17 | 146 | തെരുവ് വിളക്ക് റിപ്പയറും പരിപാലനവും | 57720 | ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| 18 | 148 | തെരുവ് വിളക്കുകൾക്ക് ആവശ്യമായ എൽ.ഇ.ഡി.ബൾബ് വാങ്ങൽ | 21800 | തനത് ഫണ്ട് |
| 19 | 149 | കണക്കുഴി ചെപ്പിലായി റോഡിൽ കുടിവെള്ള പൈപ്പ് സ്ഥാപിക്കൽ | 79500 | വികസനഫണ്ട് (ജനറൽ) |

| | | | | |
|---|---|---|---|---|
| 20 | 228 | കേരള ജലഅതോറിറ്റിക്ക് അടക്കേണ്ട കുടിശ്ശിക തുക | 231563 | വികസനഫണ്ട് (ജനറൽ) |
| 21 | 229 | കെ.എസ്.ഇ.ബിക്ക് അടക്കേണ്ട കുടിശ്ശിക തുക | 201 | വികസനഫണ്ട് (ജനറൽ) |
| | | ആകെ | 13431242 | |

1997ലെ മുനിസിപ്പാലിറ്റി -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം12(1)പ്രകാരം ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന രേഖകളും കണക്കും രജിസ്റ്ററും നിലവിൽ ചുമതല വഹിക്കുന്ന സെക്രട്ടറി നൽകേണ്ടതാണ്. ചട്ടം12(2)പ്രകാരം രേഖകളോ കണക്കോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖകളോ കണക്കോ നിലവിലില്ല എന്നു കരുതപ്പെടുന്നതും അതനുസരിച്ച് നിഗമനത്തിൽ എത്തുന്നതുമാണ്.

ഈ സാഹചര്യത്തിൽ എന്തെങ്കിലും വിശദീകരണം ലഭ്യമാക്കാനുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതും രേഖകൾ ലഭ്യമാണെങ്കിൽ ഇന്നു തന്നെ ലഭ്യമാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/26.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയിൽ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലെ അപാകതയും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമതയില്ലായ്മയുമാണ് പ്രോജക്ട് ഫയലുകൾ ലഭ്യമാക്കാത്തതിന് കാരണം. മറുപടിയുടെ അഭാവത്തിൽ ചെലവുതുക 13431242/-രൂപ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-23 എസ്.സി.വൃദ്ധജനങ്ങൾക്ക് ഗുണമേന്മയില്ലാത്ത കട്ടിലുകൾ വിതരണം ചെയ്തു

പ്രൊജക്ടിന്റെ പേര് -- എസ്.സി.വൃദ്ധജനങ്ങൾക്ക് കട്ടിൽ

പ്രൊജക്ടിന്റെ നമ്പർ -- 83/2019

<u>വകയിരുത്തിയ തുക</u> <u>ചെലവ് തുക</u>

എസ്.സി.പി 652500/- Bill no.1445893/23.03.2019 644999/-

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം M/S ഹിൽവുഡ് ഹോം വർക്ക്,ഫറോക്ക് എന്ന സ്ഥാപനത്തിൽ നിന്നും 5വർഷ ഗ്യാരണ്ടിയുള്ള150 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്.പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ തുക4300/-രൂപ ക്വാട്ടുചെയ്ത സ്ഥാപനമായിട്ടും ഗുണമേന്മകൂടുതലുള്ളത് M/S ഹിൽവുഡ് ഹോം വർക്ക്,ഫറോക്ക് എന്ന സ്ഥാപനത്തിന്റെ കട്ടിലാണ് എന്ന സബ്കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഇവരെ തെരെഞ്ഞെടുക്കുന്നത്. എന്നാൽ വിതരണം ചെയ്ത കട്ടിലുകൾ ഗുണനിലവാരമില്ലാത്തതും വളരെ പെട്ടെന്ന് പൊട്ടിയതായും പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഗുണനിലവാരമില്ലാത്ത കട്ടിലുകൾ മാറ്റി നൽകണമെന്നും 15.02.2019ലെ എ1.4578/18 നമ്പർ കത്തിലൂടെ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. കട്ടിലുകൾ മാറ്റി നൽകിയതായോ മറ്റ് തുടർനടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല.
2. മേൽ പ്രൊജക്ടിനായി M/S ഹിൽവുഡ് ഹോം വർക്ക്,ഫറോക്ക് എന്ന സ്ഥാപനത്തിൽ നിന്നും (Invoice no:B628dtd. 04.03.19)644999/-രൂപക്ക് 150 കട്ടിലുകൾ വാങ്ങി.ജി.എസ്.ടി. ഒഴികെ 5,46,609/-രൂപയാണ് ചെലവ്.ജിഎസ്.ടി.ആക്ട് സെക്ഷൻ 51 പ്രകാരം 2.50ലക്ഷം രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്ന/സേവനം കൈപ്പറ്റുന്ന എല്ലാ നിർവ്വഹണോദ്യോഗസ്ഥരും 01.10.2018 മുതൽ ഒരു ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന ടാക്സ് കഴിച്ചുള്ള തുകയുടെ 2% തുക ടി.ഡി.എസ്.ആയി ഈടാക്കി അടവാക്കേണ്ടതാണ്.എന്നാൽ മേൽ കാണിച്ച ഇൻവോയ്സിൽ നിന്നും ടി.ഡി.എസ് ഈടാക്കിയതായി കാണുന്നില്ല. ടി.ഡി.എസ്.ആയി ഈടാക്കേണ്ടിയിരുന്ന ജിഎസ്.ടി.10932/-രൂപ (546609x2/100=10932) ഈടാക്കിയിട്ടില്ല.
3. M/S ഹിൽവുഡ് ഹോം വർക്ക്,ഫറോക്ക് എന്ന സ്ഥാപനം സെക്യൂരിറ്റി ഡെപ്പോസിറ്റായി സമർപ്പിച്ച 27890/-രൂപയുടെ ഡി.ഡി.(നമ്പർ-597018/05.02.2019, എസ്.ബി.എെ) ബേങ്കിൽ സമർപ്പിക്കാതെ ഇപ്പോഴും ഫയലിൽ സൂക്ഷിക്കുന്നു.

4. സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒാഡിറ്റ് എൻകയറിക്ക് ( 14/24.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിനടത്തിപ്പിലെ കാര്യക്ഷമതക്കുറവും ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ പോരായ്മയുമാണ് മേൽ അപാകതകൾക്ക് കാരണം.

മറുപടിയുടെ അഭാവത്തിൽ ഗുണമേന്മയില്ലാത്ത കട്ടിലുകൾക്കായി ചെലവഴിച്ച 644999/- രൂപ തടസ്സത്തിൽ വെക്കുന്നു.സെക്യൂരിറ്റി ഡെപ്പോസിറ്റായി സമർപ്പിച്ച 27,890/-രൂപയുടെ ഡി.ഡി.ബേങ്കിൽ സമർപ്പിക്കേണ്ടതും ടി.ഡി.എസ്.ആയി ഈടാക്കേണ്ടിയിരുന്ന ജിഎസ്.ടി.10932/-രൂപ ഈടാക്കി അടവാക്കേണ്ടതുമാണ്.

## 1-24 ജീവനക്കാരുടെ എൻ.പി.എസ്.വിഹിതം ഒടുക്കുന്നതിന് നടപടികളായില്ല- തുക തനതു ഫണ്ടിൽ സൂക്ഷിക്കുന്നു

07.01.2013 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 20/2013 ധന സർക്കാർ ഉത്തരവ് പ്രകാരം കേരള സർവ്വീസ് റൂൾസ് പാർട്ട് III ബാധകമാക്കുന്ന തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ 01.04.2013 മുതൽ നാഷണൽ പെൻഷൻ സിസ്റ്റം ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ അടിസ്ഥാന ശമ്പളവും ക്ഷാമ ബത്തയും ചേർന്ന തുകയുടെ 10% വിഹിതം പ്രതിമാസ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തേണ്ടതും നാഷണൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

നഗരസഭ ജീവനക്കാരുടെ 2018-19 വർഷത്തെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത ജീവനക്കാരുടെ എൻ.പി.എസ്.വിഹിതം മാസ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തി കാണുന്നില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, തസ്തിക | ജോലിയിൽ പ്രവേശിച്ച കാലയളവ് |
|---|---|---|
| 1 | രേഷ്മ, ക്ലാർക്ക് | 2/18 |
| 2 | വിമൽകുമാർ.വി., ക്ലാർക്ക് | 2/18 |
| 3 | ജസ്ന.പി. എൽ.ഡി.ടൈപിസ്റ്റ് | 6/18 |
| 4 | ഭവ്യ.ടി., ഓഫീസ് അറ്റന്റന്റ് | 5/18 |
| 5 | കെ.പി.വിഷ്ണുപ്രസാദ്, ക്ലാർക്ക് | 1/19 |
| 6 | സുനിൽ ദാസ്.സി., ക്ലാർക്ക് | 2/19 |

മേൽ ഉത്തരവു പ്രകാരം, ജോലിയിൽ പ്രവേശിച്ച് 7 ദിവസത്തിനുള്ളിൽ ആവശ്യമായ വിവരങ്ങൾ ഡി.ഡി.ഒ മുഖേന സ്പാർക്കിൽ രേഖപ്പെടുത്തലുകൾ വരുത്തിയതിനുശേഷം പാസ്പോർട്ട് സൈസ് ഫോട്ടോ, നിയമന ഉത്തരവിന്റെ കോപ്പി, ഐ.ഡി.പ്രൂഫ് എന്നിവ സഹിതം ജില്ലാ ട്രഷറി ഓഫീസറെ കണ്ട് രജിസ്ട്രേഷനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല ജോലിയിൽ പ്രവേശിച്ച് 30 ദിവസത്തിനുള്ളിൽ എൻ.പി.എസിൽ ചേർന്നവർക്ക് പ്രാൺ നമ്പർ ലഭിച്ചിട്ടുണ്ടോയെന്ന് ഡി.ഡി.ഒ. മാർ ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ മേൽപറഞ്ഞ ജീവനക്കാരെ എൻ.പി.എസ്. സ്കീമിൽ അംഗമാക്കുന്നതിനുള്ള നടപടികളൊന്നും തന്നെ നഗരസഭ നാളിതുവരെ സ്വീകരിച്ചിട്ടില്ലാത്തതിനാൽ അവർക്ക് പ്രാൺ നമ്പർ ലഭ്യമായിട്ടില്ല. ആയതിനാൽ അവരുടെ എൻ.പി.എസ്. വിഹിതം ശമ്പളത്തിൽ നിന്നും റിക്കവറി ചെയ്ത് പെൻഷൻ ഫണ്ടിൽ ഒടുക്കാൻ സാധിച്ചിട്ടില്ല.

പ്രാൺ നമ്പർ ലഭ്യമായിട്ടില്ലെങ്കിലും, മേൽപറഞ്ഞ ജീവനക്കാരിൽ ക്രമ നം.1 മുതൽ 4 വരെയുള്ളവരുടെ 2018-19 വർഷത്തിലെ കുടിശ്ശികയായ പെൻഷൻ വിഹിതം 10 തുല്യ ഗഡുക്കളായി കണക്കാക്കി 4/19 മുതൽ 1/20 വരെയുള്ള ശമ്പള ബില്ലുകളിൽ നിന്നും, ക്രമ നം.5 മുതൽ 6 വരെയുള്ളവരുടെ വിഹിതം 5 ഗഡുക്കളായി കണക്കാക്കി 4/19മുതൽ 8/19 വരെയുള്ള ശമ്പള ബില്ലുകളിൽ നിന്നും റിക്കവറി നടത്തിയിട്ടുണ്ട്. ഇതോടൊപ്പം 2019-20ലേക്കുള്ള വിഹിതവും മാസം തോറും പിടിച്ചിട്ടുണ്ട്. ഇപ്രകാരം റിക്കവറി നടത്തിയ 242132/-രൂപ നഗരസഭയുടെ തനതുഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര്, തസ്തിക | റിക്കവറി നടത്തിയ തുക | ഏതു കാലയളവിലേക്ക് | 4/19 മുതൽ 1/2020 വരെയുള്ള | ആകെ വിഹിതം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | വിഹിതം | |
| രേഷ്മ, ക്ലാർക്ക് | 29843 | 2/18 - 3/19 | 20718 | 50561 |
| വിമൽകുമാർ.വി., ക്ലാർക്ക് | 29687 | 2/18 - 3/19 | 23400 | 53087 |
| ജസ്ന.പി. എൽ.ഡി.ടൈപ്പിസ്റ്റ് | 20321 | 6/18 - 3/19 | 23280 | 43601 |
| ഭവ്യ.ടി., ഓഫീസ് അറ്റന്റന്റ് | 20072 | 5/18 - 3/19 | 20340 | 40412 |
| കെ.പി.വിഷ്ണുപ്രസാദ്, ക്ലാർക്ക് | 4441 | 1/19 - 3/19 | 22860 | 27301 |
| സുനിൽ ദാസ്.സി., ക്ലാർക്ക് | 4370 | 2/19 - 3/19 | 22800 | 27170 |
| ആകെ | 108734 | | 133398 | 242132 |

മേൽ ജീവനക്കാരുടെ അംഗത്വം യഥാസമയം രജിസ്റ്റർ ചെയ്ത് പ്രാൺ നമ്പർ ലഭ്യമാക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തിയിട്ടുണ്ട്. ജീവനക്കാർ സേവനത്തിൽ പ്രവേശിച്ച് 2 വർഷത്തോളമായിട്ടും നാളിതുവരെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. യഥാസമയം ജീവനക്കാർ പെൻഷൻ സ്കീമിൽ ചേർന്നിരുന്നുവെങ്കിൽ മേൽ നിക്ഷേപത്തിന്മേൽ അവർക്ക് ലഭിക്കുമായിരുന്ന പലിശ നഷ്ടപ്പെടുന്നതിന് ഈ സാഹചര്യം ഇടയാക്കുന്നു. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/18-19/25.2.2020) സമർപ്പിച്ച മറുപടിയിൽ പ്രാൺ നമ്പർ ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കാലതാമസം നേരിട്ടത് മന:പൂർവ്വമല്ലെന്നും നിലവിൽ ജീവനക്കാരിൽ നിന്നും പെൻഷൻ സ്കീമിൽ അംഗമാകുന്നതിനുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ചു വാങ്ങിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മേൽ ജീവനക്കാരെ എൻ.പി.എസിൽ അംഗമാക്കുന്നതിന് ഉടനടി നടപടി സ്വീകരിക്കേണ്ടതും ജീവനക്കാരിൽ നിന്നും പെൻഷൻ വിഹിതമായി റിക്കവറി നടത്തിയ 242132/-രൂപ പെൻഷൻ ഫണ്ടിൽ നിക്ഷേപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങളിൽ യഥാസമയം നടപടികൾ കൈക്കൊള്ളുന്നതിന് ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ലാപ്പ്ടോപ്പ് വാങ്ങൽ - TDS ആയി ജി.എസ്.ടി.ഈടാക്കിയില്ല

പ്രൊജക്റ്റിന്റെ പേര് - പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങൽ

പ്രൊജക്റ്റിന്റെ നമ്പർ -- 99/2019

<u>വകയിരുത്തിയ തുക</u> <u>ചെലവ് തുക</u>

എസ്.സി.പി 4,50,000/-രൂപ
373729/-രൂപ(ജി.എസ്.ടി.ഒഴികെ) – ബിൽ നം. 210998/19.2.2019

മേൽ പ്രൊജക്റ്റിനായി ടെണ്ടർ വഴി ബിസ്സയർ പവർ സൊലൂഷൻസിൽ നിന്നും (Invoice no: BIZ/C/093 dtd. 29.01.19) 4,41,000/-രൂപക്ക് 15 ലാപ് ടോപ്പുകൾ വാങ്ങിയിരുന്നു. ജി.എസ്.ടി. ഒഴികെ 373729/-രൂപയാണ് ചെലവ്. ജിഎസ്.ടി. ആക്ട് സെക്ഷൻ 51 പ്രകാരം 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്ന/സേവനം കൈപ്പറ്റുന്ന എല്ലാ നിർവ്വഹണോദ്യോഗസ്ഥരും 01.10.2018 മുതൽ ഒരു ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന ടാക്സ് കഴിച്ചുള്ള തുകയുടെ 2% തുക ടി.ഡി.എസ്. ആയി ഈടാക്കി അടവാക്കേണ്ടതാണ്. എന്നാൽ മേൽ കാണിച്ച ഇൻവോയ്സിൽ നിന്നും ടി.ഡി.എസ് ഈടാക്കിയതായി കാണുന്നില്ല. ടി.ഡി.എസ്.ആയി ഈടാക്കേണ്ടിയിരുന്ന ജിഎസ്.ടി. 7475/-രൂപ(373729 x 2/100 = 7475) ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/19.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി.ഡി.എസ്. ആയി ഈടാക്കേണ്ടിയിരുന്ന ജിഎസ്.ടി. 7475/-രൂപ ഈടാക്കി അടവാക്കേണ്ടതും രേഖകൾപരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-26 ലാപ് ടോപ്പ് വിതരണം - സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രൊജക്ടിന്റെ പേര് - പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ് വാങ്ങൽ

പ്രൊജക്റ്റ് നമ്പർ - 99/2019

**<u>വകയിരുത്തിയ തുക</u> <u>ചെലവ് തുക</u>**

എസ്.സി.പി 4,50,000/- Bill no.210998/19.02.2019 4,41,000/

മുനിസിപ്പൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം മുനിസിപ്പാലിറ്റിയിൽ താമസക്കാരായ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ് നൽകുകയാണ് ലക്ഷ്യം.

ആയതു പ്രകാരം ടെണ്ടർ വഴി ബിസ്സയർ പവർ സൊലൂഷൻസിൽ നിന്നും ഒരു ലാപ് ടോപ്പിന് 29400/-രൂപ നിരക്കിൽ 15 ലാപ് ടോപ്പുകൾ വാങ്ങി(Invoice no:BIZ/C/093 dtd. 29.01.19).

14.02.2018ലെ സർക്കാർ ഉത്തരവ് (കൈ)22/2018 നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്(ഡിപ്ളോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്(ഡിപ്ളോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് എക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയിഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 30,000/-രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ് ടോപ്പ് വാങ്ങി നൽകാവുന്നതാണ്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത നഴ്സിംഗ് കോഴ്സിന്(ANM) പഠിക്കുന്ന നീതു.കെ, സംഗീത് നിവാസ്, പാലക്കാപുരിപാടം എന്ന വിദ്യാർത്ഥിക്ക് ലാപ് ടോപ്പ് നൽകി.

2.18.11.2017ലെ സ.ഉ.(എം.എസ്)24/2017ഐ.ടി.ഡി. പ്രകാരം സർക്കാർ സ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാറിന്റെ ഓൺലൈൻ പോർട്ടൽ വഴി വാങ്ങേണ്ടതായിരുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(01/19.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവുതുക 29400/-രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-27 ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച

നഗരസഭ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായുള്ള 1996-ലെ കേരള മുൻസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ പാലിക്കുന്നതിൽ നഗരസഭ ചുവടെ ചേർത്ത വീഴ്ച വരുത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ചട്ടപ്രകാരം ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ ഒരു വിഹിതം പെൻഷൻ കോൺട്രിബ്യൂഷനായി നഗരകാര്യ ഡയറക്ടറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി എല്ലാ മാസവും 15ാം തീയ്യതിയ്ക്കകം അടവാക്കേണ്ടതുണ്ട്. പ്രസ്തുത ചട്ടത്തിലെ 2(ഐ)-ൽ 'വേതനം' എന്നാൽ ജീവനക്കാരന്റെ ശമ്പളവും അലവൻസുകളും എന്നാണ് നിർവചിച്ചിട്ടുള്ളത്. ചട്ടം 7 (2) പ്രകാരം മൊത്തം വേതനത്തിന്റെ 15% ആണ് പെൻഷൻ വിഹിതമായി അടവാക്കേണ്ടത്. എന്നാൽ ഓഡിറ്റ് കാലയളവിലെ ശമ്പള ബിൽ, പെൻഷൻ അടച്ചതിന്റെ ഫയൽ എന്നിവ പരിശോധിച്ചതിൽ അടിസ്ഥാന ശമ്പളത്തിന്റെ 15% മാത്രമാണ് പെൻഷൻ വിഹിതമായി ഒടുക്കിയിട്ടുള്ളത്.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7/18-19/24.2.2020) നൽകിയ മറുപടിയിൽ, പഞ്ചായത്ത് നഗരസഭയായി മാറിയ കാലം മുതൽ പഞ്ചായത്തിന്റെ സ്ഥാപന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് ശമ്പള ബിൽ തയ്യാറാക്കിയിരുന്നതെന്നും അപാകത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് 8/2019 മുതൽ മൊത്ത ശമ്പളത്തിന്റെ

15% പെൻഷൻ വിഹിതമായി ഒടുക്കി വരുന്നുണ്ടെന്നും അറിയിക്കുകയുണ്ടായി. എന്നാൽ ശമ്പള ബിൽ പരിശോധിച്ചതിൽ 9/2019 മുതൽ 15% നിരക്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിവരുന്നതായി ബോധ്യപ്പെട്ടു.

മേൽ പറഞ്ഞ രീതിയിൽ 2018-19 ൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതിൽ കുറവു വന്ന തുക പെൻഷൻ ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മുൻകാലങ്ങളിലെ ശമ്പള ബില്ലുകൾ കൂടി പരിശോധിച്ച് വീഴ്ച വന്ന കാലത്തെ നിയമാനുസൃത തുക പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-28 പി.എം.എ.വൈ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനരഹിതരും താമസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരുമായ വ്യക്തികൾക്ക് സ്വന്തമായി വീട് ഉറപ്പു വരുത്തുന്നതിന് 2016-17 മുതൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പി.എം.എ.വൈ. പദ്ധതി. ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ അംഗീകരിച്ച ഡി.പി.ആർ പ്രകാരമുള്ള 317 ഗുണഭോക്താക്കളിൽ 262 പേരാണ് കരാർ ചമച്ചിട്ടുള്ളത്. അതിൽ 101 പേർ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ പ്രകാരം കരാർ ചമച്ച് 12 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. അല്ലാത്തപക്ഷം ലഭിച്ച മുഴുവൻ തുകയും പലിശ സഹിതം തിരികെ അടവാക്കേണ്ടതാണ്.

കരാർ ചമച്ച് ഒരു വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ കൈപ്പറ്റിയ ധനസഹായത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | ഗുണഭോക്താക്കളുടെ എണ്ണം | കൈപ്പറ്റിയ തുക |
|---|---|---|
| ഒന്നാം ഗഡു | 6 | 1,80,000 |
| രണ്ടാം ഗഡു | 5 | 8,30,000 |
| മൂന്നാം ഗഡു | 27 | 78,78,000 |
| ആകെ | 38 | 88,88,000 |

ഗുണഭോക്താക്കൾക്ക് താമസംവിനാ ആനുകൂല്യം ലഭ്യമാക്കുന്നതിനായി 12% പലിശ നിരക്കിൽ 232ലക്ഷം രൂപ കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും നഗരസഭ വായ്പയെടുക്കുകയും അതിലേക്കുള്ള തിരിച്ചടവ് ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള ലക്ഷ്യം സാക്ഷാത്ക്കരിക്കാതെ 88.88ലക്ഷം രൂപ നിഷ്ക്രിയമായി കിടക്കുന്നതിനും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/20.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും ഭവന നിർമ്മാണം പാതിവഴിയിലുപേക്ഷിച്ചവരുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-29 ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിലെ അപാകത

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1. തദ്ദേശ സ്വയം ഭരണ വകുപ്പിൻെറ 02.07.2009ലെ സ.ഉ(കൈ) നം 123/2009 പ്രകാരം ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 4.1ൽ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് എന്ന പേരിൽ ഫ്രണ്ട് ഓഫീസിലെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി കാര്യാലയത്തിലെ ക്ലറിക്കൽ ജീവനക്കാരെ പ്രതിദിന ചംക്രമണം (ഡെയിലി റൊട്ടേഷൻ) അടിസ്ഥാനത്തിൽ നിയോഗിക്കേണ്ടതാണ് എന്നും പ്രവർത്തന ചുമതല ഓരോ ദിവസവും കൈമാറേണ്ടതും കൈമാറ്റം ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്ററിൽ രേഖപെടുത്തേണ്ടതുമാണെന്നും നിഷ്ക്കർഷിക്കുന്നു. എന്നാൽ ഫ്രണ്ട് ഓഫീസിൽ പണം കൈകാര്യം ചെയ്യുന്ന സീറ്റിൽ റൊട്ടേഷൻ പ്രകാരം മാററം വരുത്തുന്നില്ല. പകരം സെക്രട്ടറിയുടെ 27.05.2019ലെ എ4/460/18 നമ്പർ ഉത്തരവ്

പ്രകാരം ശ്രീ.സുനിൽദാസ്.സി അവധി ആകുന്നപക്ഷം 7 ക്ലാർക്കുമാരെ റൊട്ടേഷൻ പ്രകാരം ഡ്യൂട്ടിക്ക് ഇടുന്ന രീതിയാണ് തുടർന്ന് പോരുന്നത്. ക്യാഷ് കൗണ്ടറിൽ പ്രതിദിന ചംക്രമണം നടത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്.

2. ഫ്രണ്ട് ഓഫീസുകളിൽ സൂക്ഷിക്കേണ്ട ഫോറവിതരണ രജിസ്റ്റർ (അനുബന്ധം 5), പൊതുജനങ്ങൾക്ക് കാണുന്ന രീതിയിൽ ഹാജർ ബോർഡ്(അനുബന്ധം 8) എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.
3. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ നിർദ്ദിഷ്ടമാതൃകയിൽ എഴുതി സൂക്ഷിക്കുന്നില്ല.(അനുബന്ധം 6)
4. സേവന വിവര ബോർഡ് (അനുബന്ധം 7 ) കാലികമാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ഹരിത കേരളം മിഷൻ - കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ അവലോകനം

2018-19 വർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്കുകളുടെ സംക്ഷിപ്തം താഴെപ്പറയുന്നു.

| ക്രനം | പ്രോജ: നമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക (രൂ) | ഫണ്ടുകൾ |
|---|---|---|---|---|
| 1. | 21/19 | സമഗ്ര നാളികേര വികസനം | 316640<br>250340 | വികസന ഫണ്ട് പൊതുവിഭാഗം,<br>ഗുണഭോക്തൃവിഹിതം |
| 2. | 22/19 | പച്ചക്കറികൃഷി വികസനം | 31000<br>31000 | വികസനഫണ്ട് പൊതുവിഭാഗം<br>ഗുണഭോക്തൃ വിഹിതം |
| 3. | 24/19 | വാഴക്ക് ജൈവവളം-കുമ്മായ വിതരണം | 141750<br>92790 | വികസന ഫണ്ട് പൊതുവിഭാഗം<br>ഗുണഭോക്തൃവിഹിതം |
| 4. | 26/19 | നെൽ കൃഷി വികസനം | 200000<br>198800 | വികസന ഫണ്ട് പൊതുവിഭാഗം<br>ഗുണഭോക്തൃവിഹിതം |
| 5. | 28/19 | ഗ്രോ ബാഗിൽ പച്ചക്കറി കൃഷി | 242950<br>203950 | വികസനഫണ്ട് പൊതുവിഭാഗം,<br>ഗുണഭോക്തൃവിഹിതം |
| 6. | 29/19 | ഇടവിളക്കിറ്റ് വിതരണം(വനിത) | 294500<br>156500 | വികസന ഫണ്ട് പൊതുവിഭാഗം,<br>ഗുണഭോക്തൃ വിഹിതം |
| 7. | 31/19 | കുടുംബശ്രീ മുഖേന പച്ചക്കറികൃഷി, ഇടവിള കൃഷി വികസനം(വനിത) | 190000<br>20000 | വികസന ഫണ്ട് പൊതുവിഭാഗം,<br>ഗുണഭോക്തൃവിഹിതം |

1. ആകെ വകയിരുത്തിയ 1416840/-രൂപയിൽ 952380/-രൂ ചെലഴിച്ചിട്ടുണ്ട്. അതായത് 67.2 ശതമാനം തുക ചെലഴിച്ചു.

2. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച മിഷനുകളിൽ ഒന്നായ ഹരിത കേരളം മിഷന്റെ ഉപദൗത്യമാണ് കൃഷിയും ജലസംരക്ഷണവും. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേഖലാ ചുമതലകളിൽ വരുന്നുണ്ട്. ആയതിനാൽ ഹരിത കേരളം മിഷനിലൂടെ സർക്കാർ പ്രഖ്യാപിച്ച ലക്ഷ്യം കൈവരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു മുഖ്യപങ്ക് വഹിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ 29.1.2018 തീയ്യതി പുറപ്പെടുവിച്ച സ.ഉ.(കൈ)11/2018/ത.സ്വ.ഭ.വ. ഖണ്ഡിക നമ്പർ 7.1 പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

സുരക്ഷിത ഭക്ഷ്യോല്പാദനം, കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പാക്കൽ, വൻതോതിൽ തൊഴിൽ ലഭ്യമാക്കൽ, സാമ്പത്തിക വളർച്ചക്ക് ഗണ്യമായ സംഭാവന നല്കൽ എന്നിവ കാർഷിക മേഖലയിൽ ഹരിത കേരളം മിഷൻ ലക്ഷ്യമിടുന്നു. ബൃഹത്തായ ഈ മുന്നേറ്റങ്ങൾ കൈവരിക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന ഉപോത്ബലക പ്രവർത്തനങ്ങളും ഹരിത മിഷൻ വിഭാവനം ചെയ്തിട്ടുണ്ട്.

1. പച്ചക്കറിയിലും നെൽ, പഴവർഗ്ഗങ്ങളിലും സ്വയംപര്യാപ്തത നേടാനുതകുന്ന തരത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.
2. ഗാർഹിക കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടേയും , കീടനാശിനികളുടേയും ഉപയോഗം കുറച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.
3. തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തുക. ഇക്കാര്യത്തിന് സ്വയംസഹായസംഘങ്ങളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുക .
4. പൊതുസ്ഥലങ്ങളിൽ വ്യാപകമായി കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുക. സ്ഥാപനങ്ങളിലെ പച്ചക്കറികൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക .
5. ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വിപണന സംവിധാനം പരിഷ്ക്കരിക്കുക
6. ജലസ്രോതസ്സുകളുടെ ചുറ്റും മരങ്ങൾ വളർത്തുന്നതുൾപ്പടെ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
7. കൃഷി, മൃഗസംരക്ഷണം എന്നിവയെ പരസ്പര പൂരകങ്ങളായി ഏകോപിച്ചുകൊണ്ട് സംയോജിത കൃഷിരീതി.
8. നെൽകൃഷി ചെയ്യുന്ന വിസ്തൃതി വർദ്ധിപ്പിക്കുക. കര നെൽകൃഷി പ്രോത്സാഹിപ്പിക്കുക.
9. വ്യാപകമായ യന്ത്രവൽക്കരണം പ്രാവർത്തികമാക്കുക.
10. നെല്ല, തെങ്ങ്, പച്ചക്കറി, വാഴ, ചക്ക എന്നിവ പോലുള്ളവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം.

2018-19 വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിത മിഷന്റെ മേല്പറഞ്ഞ വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നത് പരിപോഷിപ്പിക്കുമാറ് കാർഷിക പ്രോജക്ടുകൾ പഞ്ചായത്തിൽ തയ്യാറാക്കിയതായി കാണുന്നില്ല. സാധാരണയായി തയ്യാറാക്കി നടപ്പാക്കി വരുന്ന വിത്ത്/തൈ/വളം സബ്സിഡി വിതരണ പ്രോജക്ടുകൾ അതേ രീതിയിൽ തന്നെ നടപ്പാക്കുകയാണ് ഈ വർഷവും ചെയ്തിട്ടുള്ളത്. ഹരിത മിഷൻ വിഭാവനം ചെയ്യുന്ന തരത്തിലുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉതകുന്ന പ്രോജക്ടുകൾ നടപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ആവശ്യമായ ഫണ്ട് വകയിരുത്തിയില്ല

1) പദ്ധതി നം 13 – ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-

അടങ്കൽ 1700000 ചെലവ് 1699983

2)പദ്ധതി നം 16 – ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (എസ് സി)

അടങ്കൽ 200000 ചെലവ് 200000

3)പദ്ധതി നം 213 – ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-(SO)

അടങ്കൽ 20000 ചെലവ് 20000

നഗരസഭയിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്- എന്ന പദ്ധതിയ്ക്കായി ആകെ വകയിരുത്തിയത് 1920000 രൂപയാണ്. ഇതിൽ 1919983/- ചെലവഴിച്ചു.

മേൽ പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട 104 പേരിൽ 65 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആണ്. 2018-19 വാർഷിക പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം.22/ 2018/ത.സ്വ.ഭ.വ 14.2.2018

പ്രകാരം ഇവർക്ക് വാർഷികമായി 28,500/- രൂപ എല്ലാ ബത്തകളും ഉൾപ്പെടെ നൽകാവുന്നതാണ്. ഇതിൽ ഉല്ലാസയാത്രാ ചെലവുകൾക്ക് നൽകുന്ന 1000/- രൂപ ഉൾപ്പെടുന്നു.

എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഓഡിറ്റ് വർഷം പരമാവധി 24221/- രൂപ നിരക്കിൽ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

സമൂഹത്തിലെ ദുർബലരും അനുകമ്പ അർഹിക്കുന്ന വിഭാഗത്തിൽപ്പെട്ടവരുമായ ഇത്തരം ഗുണഭോക്താക്കൾക്ക് സർക്കാർ അനുവദിച്ച മുഴുവൻ തുകയും നൽകാൻ കഴിയാതിരുന്നത് ആവശ്യമായ തുക വകയിരുത്താത്തത് കൊണ്ടാണ്.

ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള പരമാവധി നിരക്കിൽ തുക അനുവദിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു

1. തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് വന്നതിൻെറ വിശദാംശങ്ങൾ താഴെ പട്ടികയിൽ നൽകുന്നു.

| സ്ഥാപനം | ജീവനക്കാരൻെറ പേര് | അർദ്ധവർഷവരുമാനം | ഈടാക്കിയ തൊഴിൽ നികുതി | നഷ്ടം |
|---|---|---|---|---|
| ഫാറൂഖ് കോളേജ് | റിയാസ്.കെ (ഒ.എ) | 128775 (Iഅർദ്ധവർഷം) | 1000 | 250 |
| ഫാറൂഖ് കോളേജ് | നസീർ.കെ (ഒ.എ) | 128775 (Iഅർദ്ധവർഷം) | 1000 | 250 |
| ഫാറൂഖ് കോളേജ് | നികേത്.പി (ഒ.എ) | 128775 (Iഅർദ്ധവർഷം) | 1000 | 250 |
| SBI ലൈഫ് ഇൻഷ്യുറൻസ് | വിൽബിൻ ജോൺ | 196796 (Iഅർദ്ധവർഷം)<br>2,30,000(IIഅർദ്ധവർഷം) | 1000<br>1000 | 250<br>250 |

| |
|---|
| ആകെ 1250 |

മേൽ അപാകതകൾക്ക് മറുപടി ആവശ്യപെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതും മേൽ പ്രകാരമുള്ള സ്ഥാപന ഉടമകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018–19 | 16-08-19 മുതൽ 17-08-19 വരെ | നമ്പർ.കെ.എസ്.എ.കെ.കെ.ഡി. ഇ2/887/ 19(89) തീയതി 24-08-19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1.കെ.എസ്.ഇ.ബി | കാരാട് കെ എസ് ഇ ബി സ്ട്രീറ്റ് ലൈൻ വലിക്കുന്നത് | 117708 | - | 117708 |
| 2.കേരള വാട്ടർ അതോറിറ്റി | കണക്കുഴി ചെപ്പിലാഴിത്താഴം റോഡിൽ കുടിവെള്ള പൈപ്പ ലൈൻ സ്ഥാപിക്കൽ | 79656 | - | 79656 |
| 3കേരള വാട്ടർ | വിവിധ എസ്.സി | | | |

| | | | | |
|---|---|---|---|---|
| അതോറിറ്റി | കോളനികളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ | | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 52,45,748 |
| തൻവർഷം നിക്ഷേപിച്ച തുക | 4,48,475 |
| ആകെ | 56,94,223 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 56,94,223 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1. | കെ.ഡി.സി.ബാങ്ക്, ഫറോക്ക് | 31-03-2018 | ഒരു വർഷം | 7,03,969 |
| 2. | രാമനാട്ടുകര സർവ്വീസ് സഹകരണ ബാങ്ക് | -ടി- | ഒരു വർഷം | 15,63,374 |
| 3. | രാമനാട്ടുകര റൂറൽ ഹൗസിംഗ് കോ-ഓപ്പ.സൊസൈറ്റി ലിമിറ്റഡ് | -ടി- | ഒരു വർഷം | 60,68,281 |
| 4. | രാമനാട്ടുകര സർവ്വീസ് സഹകരണ ബാങ്ക് | -ടി- | ഒരു വർഷം | 15,36,575 |
| 5. | കെ.ഡി.സി.ബാങ്ക്, രാമനാട്ടുകര | -ടി- | ഒരു വർഷം | 2,98,894 |
| 6. | ഫറോക്ക് കോ-ഓപ്പ.അർബൻ ബാങ്ക്, ഫറോക്ക് | -ടി- | ഒരു വർഷം | 9,78,743 |
| ആകെ | | | | 56,94,223 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 2017-18 | 3-1 | 66288 | ഷൈമ.കെ പാർട്ട് ടൈം ലൈബ്രേറിയൻ | 01/119030101879 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ (30-10-2015 വരെ) മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **ഓഡിറ്റ് വർഷം** | **ഖണ്ഡിക** | **സമാഹൃത റിപ്പോർട്ട് വർഷം** | **ഖണ്ഡിക** | **വിഷയം** |
|---|---|---|---|---|
| 1999-00 | 36 | 2003-04 | പൊതു പരാമർശങ്ങൾ 1(24) | മൺപാത്ര നിർമ്മാണത്തിന് ധനസഹായം |
| 2000-01 | 2-11 | 2004-05 | പൊതു പരാമർശങ്ങൾ 1(2) | പുതിയ മാതൃകയിലുള്ള ക്യാഷ് ബുക്കും അനുബന്ധ രേഖകളും എഴുതി സൂക്ഷിക്കാത്തത് |
| 2001-02 | 7 | 2003-04 | മറ്റ് പരാമർശങ്ങൾ | ഉണ്ണിയാലുമ്മൽ മേലേവാരം റോഡ് പരിഷ്കരണം |
| 2002-03 | 3-2 | 2006-07 | 3.87.1 | ചിറക്കാംകുന്ന് കുടിവെള്ള പദ്ധതി- അപാകം |
| | 3-4 | | 3.79.15(7) | കേരളാ വികസന പദ്ധതി അപാകം |
| | 3-7 | | 3.79.12(3) | കാർഷിക മേഖലയിലെ യന്ത്രവൽക്കരണം |
| | 3-17 | | 3.79.10(6) | കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് |
| | 3-18 | | 3.79.7(3) | സി.എഫ്.എൽ ലാമ്പുകളുടെ അറ്റകുറ്റപ്പണി അപാകം |
| | 3-24 | | 3.79.6(13) | റോയൽറ്റി |

| | | | | |
|---|---|---|---|---|
| | | | | ആർ.എം.എഫ് അടവാക്കിയതിലെ അപാകം |
| 2001-02 | 1(എ,ബി,സി) | 2005-06 | 11(11) | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, വാർഷിക കണക്കുകൾ എസ്റ്റാബ്ലിഷ് മെന്റ് ചെലവ് |
| | 3-16(ബി) | | 4(6) | വീടു നിർമ്മാണം |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

വിവരം ലഭ്യമല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖ. നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീ യതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 36, 39, 45 | സി.രാധാകൃഷ്ണൻ സെക്രട്ടറി(റിട്ട.) | എൽ.എഫ് 4693/സ്പെ. സെൽ/ എസ്. സി4/01/ 28.8.02, 6.9.02 | 12789 | തീയതി | - | - | - | - | - | - |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 19,43,45,472 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,08,68,822 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,41,05,641 |

(ബി). **മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 1250 | | ശ്രീ.സുരേഷ്കുമാർ.എം സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 13431242 | ശ്രീ.സുരേഷ്കുമാർ.എം, സെക്രട്ടറി |
| 1-23 | 644999 | |
| 1-26 | 29400 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | തുക | |
|---|---|---|
| 1-23 | 10932 | ജി.എസ്.ടി |
| 1-25 | 7475 | ജി.എസ്.ടി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേഷ്കുമാർ.എം സെക്രട്ടറി | സെക്രട്ടറി രാമനാട്ടുകര മുനിസിപ്പാലിറ്റി | നെരവിലാട്ട് വീട് തിന്നൂർ, കക്കട്ടിൽ കോഴിക്കോട് – 673 507 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

31.10.2015 വരെയുള്ള ഗ്രാമപഞ്ചായത്ത് റിപ്പോർട്ടുകളും, 01.11.2015 മുതൽ നഗരസഭ റിപ്പോർട്ടും.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(1)/4.11.13 | 02 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി(പി2)1494/09(10)/4.11.13 | 01 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(2)/4.11.13 | 04 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(3)/4.11.13 | 06 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(4)/4.11.13 | 04 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി(പി2)1444/12(5)/4.11.13 | 07 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി(പി2)1451/08/6.11.09 | 26 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.കെ.കെ.ഡി(പി2)1454/10/5.4.11 | 44 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി (പി2)1455/10/4.3.11 | 56 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി (പി2)206/11/3.3.11 | 39 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി (എസ്2)470/2.4.13 | 50 |
| 2010-11 | എൽ.എഫ്.കെകെഡി (പി2)339/14/6.5.14 | 18 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി (പി2)1638/14/6.1.15 | 16 |
| 2012-13, 2013-14 | എൽ.എഫ്.കെ.കെ.ഡി (പി2)/329/15/31.03.2015 | 27 |
| 2014-15 | കെ.എസ്.എ /കെ.കെ.ഡി/പി2/2023/15/ 28.12.2015 | 27 |
| 2015-16 (31-10-15വരെ) | കെ.എസ്.എ കെ.കെ.ഡി പി.8/117/17 /28-1-2017 (ഗ്രാമപഞ്ചായത്ത്) | 9 |
| 2015-16 (1-11-15 മുതൽ ) | കെ.എസ്.എ കെ.കെ.ഡി പി.14/125/16/30-1-2017 | 21 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി14/1684/2017 | 40 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി14/2445/2018 | 24 |

**ജോയിന്റ് ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്**

# <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.കെ.കെ.ഡി.പി.14/299/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ-ddlfakkd@yahoo.in

തീയതി:13.03.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും രാമനാട്ടുകര നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ജോയിന്റ് ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**കോഴിക്കോട്**